# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മാറാക്കര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം13/3095/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 09/03/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാറാക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മാറാക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാറാക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം13/3095/2022 തീയ്യതി: 09/03/2023

## മലപ്പുറം ജില്ലയിലെ മാറാക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ മാറാക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 10-01-2022 മുതൽ 11-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 20-12-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 12-12-2022 | 20-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 12-12-2022 | 20-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.റിഷിൽ പി (ഓഡിറ്റ് ഓഫീസർ)

ശ്രീ.മുഹമ്മദ് സിയാദ് പി (അസി.ഓഡിറ്റ് ഓഫീസർ)

ശ്രീ.ആലസ്സൻക്കുട്ടി യു(സീനിയർ ഗ്രേഡ് ഓഡിറ്റർ)

ശ്രീ.ഇദ്രീസ് അബ്ദുള്ള എ.സി (ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സജ്ന ടീച്ചർ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി. സിന്ധു ആർ ദാസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 29-04-2021 |
| ശ്രീമതി. അനിത ജെ സ്റ്റീഫൻ | സെക്രട്ടറി | 30-04-2021 | 03-05-2021 |
| ശ്രീമതി. സിന്ധു ആർ ദാസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 04-05-2021 | 30-06-2021 |
| ശ്രീമതി. അനിത ജെ സ്റ്റീഫൻ | സെക്രട്ടറി | 01-07-2021 | 02-08-2021 |
| ശ്രീ. സുരേഷ് കുമാർ ജെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-08-2021 | 12-08-2021 |
| ശ്രീ. ഷിഹാബ് എം | സെക്രട്ടറി | 13-08-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സിന്ധു ആർ ദാസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 12-07-2021 |
| ശ്രീ. സുരേഷ് കുമാർ ജെ | അസിസ്റ്റന്റ് സെക്രട്ടറി | 13-07-2021 | 08-03-2022 |
| ശ്രീമതി. ബിജി എസ് | അസിസ്റ്റന്റ് സെക്രട്ടറി | 09-03-2022 | 31-03-2022 |
| ശ്രീ. അബ്ദു സലീം വില്ലൻ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.ഷുഹൈബ് പി | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ. ഗീത എം.ടി | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ശ്രീ. ശിവദാസൻ സി | വി.ഇ.ഒ | 01-04-2021 | 05-01-2022 |
| ശ്രീമതി. ശാലിനി പി | വി.ഇ.ഒ | 06-01-2022 | 31-03-2022 |
| ശ്രീമതി. സൈനബ കെ.ടി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീ. മുഹമ്മദ് നാസിം ഇ.പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ. രാമചന്ദ്രൻ | ഹെഡ് മാസ്റ്റർ | 01-04-2021 | 08-12-2021 |

| | | | |
|---|---|---|---|
| ശ്രീമതി. സുധ കെ | ഹെഡ്മിസ്ട്രസ്സ് | 09-12-2021 | 31-03-2022 |
| ശ്രീ. അബ്ദുൽ ഖാലിഖ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 30-11-2021 |
| ശ്രീമതി. ഫൗസിയ കെ | അസിസ്റ്റന്റ് എഞ്ചിനീയർ (എംപ്ലോയ്മെന്റ്)) | 01-12-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം(ACR പ്രകാരം) | 1-4 |
| 5 | വിവിധ ഗ്രാന്റുകളുടെ ചെലവ് തുകകൾ ഗ്രാന്റ് പത്രിക, എ.സി.ആർ, എ.എഫ്.എസ്. എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. | 1-4-1 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമപദ്ധതികൾ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-11 |
| 13 | തൊഴിൽ നികുതി ഈടാക്കിയില്ല. | 1-12 |
| 14 | പോഷകാഹാര വിതരണം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ. | 1-13 |
| 15 | തുല്യതാ പഠിതാക്കൾക്ക് ഫീസ് തിരികെ നൽകൽ- തുക അടവാക്കിയ വിവരം ലഭ്യമല്ല. | 1-14 |
| 16 | രജിസ്റ്റേഡ് ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം- അപാകതകൾ | 1-15 |
| 17 | അംഗനവാടികൾക്ക് ഷെൽഫും കസേരയും-പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-16 |
| 18 | വയോജനങ്ങൾക്ക് കട്ടിൽ സർക്കാർ മാർഗ്ഗ നിർദേശങ്ങൾ പാലിച്ചില്ല. | 1-17 |
| 19 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | 1-18 |
| 20 | അഗതി രഹിത കേരളം പദ്ധതി:അപാകതകൾ | 1-19 |
| 21 | ചട്ടവിരുദ്ധമായി പദ്ധതി നടപ്പാക്കിയതിനാൽ ഗ്യാസ് ക്രിമിറ്റോറിയം അനിശ്ചിതാവസ്ഥയിലായി - മറ്റ് അപാകതകൾ | 1-20 |
| 22 | ആറ്റുപുറം അംഗൻവാടി പുനരുദ്ധാരണം - അപാകതകൾ | 1-21 |
| 23 | സ്റ്റീൽ വർക്ക് പ്രവൃത്തിക്ക് അധിക നിരക്ക് നൽകി - നഷ്ടം 6919 രൂപ -ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് തുക തിരിച്ചടച്ചു | 1-22 |
| 24 | പഞ്ചായത്ത് അനുമതി ഇല്ലാതെ സ്കൂളുകൾ കെട്ടിടങ്ങൾ നിർമ്മിക്കുന്നത്, പ്രവർത്തിക്കുന്നത് -ക്രമവിരുദ്ധം | 1-23 |
| 25 | എസ്.എസ്.എ വിഹിതം നൽകൽ -തുക ലാപ്സായി | 1-24 |

| | | |
|---|---|---|
| 26 | ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്ന് വാങ്ങൽ. 170000/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്നു. | 1-25 |
| 27 | പി.എച്ച്.സി.യിലേക്ക് മരുന്ന് വാങ്ങൽ- മരുന്ന് ലഭ്യമായില്ല | 1-26 |
| 28 | രോഗപ്രതിരോധ കുത്തിവെപ്പ് ശാക്തീകരണം -രണ്ട് തവണ വാഹന വാടക നൽകി. | 1-27 |
| 29 | പരിരക്ഷ പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-28 |
| 30 | സർക്കാർ മാർഗ്ഗ നിർദേശങ്ങൾ പാലിക്കാതെ ലാപ് ടോപ്പ് വാങ്ങി | 1-29 |
| 31 | വർക്കിംഗ് ഗ്രൂപ്പുകൾ കാര്യക്ഷമമല്ല | 1-30 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവ്യത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2021-22 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| തീരുമാനം നം-1(1) തീയതി-22.02.2021 | തീരുമാനം നം-1(1) തീയതി-24.03.2022 |

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31 .07.2022 | 22.08.2022 | ബാധകമല്ല | ബാധകമല്ല |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 28196922 |
| വരവ് | 115126957 |
| ആകെ | 143323879 |
| ചെലവ് | 113347324 |
| നീക്കിയിരിപ്പ് | 29976555 |

### 1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 19779044 | 19779044 | 19776739 | 2305 |
| വികസനഫണ്ട് എസ്.സി.പി. | 0 | 3009223 | 3009223 | 3004000 | 5223 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 18518000 | 18518000 | 7819202 | 10698798 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 7622467 | 7622467 | 6495667 | 1126800 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied ) | 0 | 8082177 | 8082177 | 636562 | 7445615 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied ) | 0 | 4450043 | 4450043 | 4824763 | -374720 |
| ബി ഫണ്ട് | 0 | 75118500 | 75118500 | 75118500 | 0 |

### 1-4-1 വിവിധ ഗ്രാന്റുകളുടെ ചെലവ് തുകകൾ ഗ്രാന്റ് പത്രിക, എ.സി.ആർ, എ.എഫ്.എസ്. എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

ഗ്രാന്റ് പത്രിക, എ.സി.ആർ എന്നിവ പ്രകാരം താഴെ പറയുന്ന ഫണ്ടുകളിലെ ചെലവ് തുകയിലെ വ്യത്യാസം പട്ടികയിൽ ചേർക്കുന്നു.

| ഫണ്ട് | എ.സി.ആർ | ഗ്രാന്റ് പത്രിക | എ.എഫ്.എസ്. |
|---|---|---|---|
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 6495667 | 6466167 | 6466167 |
| ഡെവലപ്മെന്റ് ഫണ്ട് (ജനറൽ) | 19776739 | 22494695 | 19776739 |
| ഡെവലപ്മെന്റ് ഫണ്ട് (എസ്.സി.പി) | 3004000 | 3123777 | 3004000 |

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| (എണ്ണം) | | | | | | |
|---|---|---|---|---|---|---|
| 228 | 137150771 | 172 | 77063208 | 0 | 56 | 75% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|---|
| ഭരണചെലവുകൾ | അഡ്മിൻഫണ്ട് | 1669772 | 708290 | 2378062 | 1905279 | 472783 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 0 | 18113849 | 18113849 | 18113849 | 0 |
| ആകെ | | 1669772 | 18822139 | 20491911 | 20019128 | 472783 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 2153600 | 126 |
| വിധവാപെൻഷൻ | 24898100 | 1560 |
| വാർദ്ധക്യകാലപെൻഷൻ | 40007900 | 2671 |
| വികലാംഗപെൻഷൻ | 7500900 | 501 |
| വിവാഹ ധനസഹായം | 210000 | 7 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 348000 | 24 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.12.2022 ന് 10.45AM മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 38932/-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1.ഓഡിറ്റ് റിപ്പോർട്ടുകളുടെ തുടർനടപടികൾ സംബന്ധിച്ച് ഓഡിറ്റ് ഫയൽ, ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല. വിവിധ ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾ തീർപ്പാക്കുന്നതിനും നഷ്ടങ്ങൾ ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നില്ല.

2.രേഖകളുടെയും രജിസ്റ്ററുകളുടെയും പരിപാലനം തൃപ്തികരമല്ല. വൌച്ചറുകൾ കൃത്യമായി മാസം തിരിച്ച് അടുക്കി സൂക്ഷിയ്ക്കുന്നില്ല. തനതുഫണ്ടിൽ നിന്നുള്ള ചെലവുകൾക്ക് മാത്രമേ വൌച്ചർ എഴുതുന്നുള്ളൂ. വികസനഫണ്ടിൽ നിന്നും മറ്റു ഫണ്ടുകളിൽ നിന്നുമുള്ള പ്രോജക്ട് ചെലവുകൾ അതാത് പ്രോജക്ട് ഫയലുകളിൽ മാത്രമേ സൂക്ഷിയ്ക്കുന്നുള്ളൂ. 2011 കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ് ) ചട്ടങ്ങൾ, പാലിക്കേണ്ടതാണ്.

3.കമ്പ്യൂട്ടർ ഹാർഡ്‌വെയർ സോഫ്റ്റ് വെയർ എന്നിവയ്ക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

4.തെരുവ് വിളക്കുമായി ബന്ധപ്പെട്ടിട്ടുള്ള പരാതി രജിസ്റ്റർ അപൂർണ്ണമാണ്.

5. മുൻകൂർ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ അപൂർണ്ണമാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.11.2022 | 01/10.2022 To 31.10.2022 | ലഭ്യമായിട്ടില്ല |
| എ.ജി ഓഡിറ്റ് | 02.12.2009 To 15.12.2009 | 2004-05 To 2008-09 | 15.01.2010 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

1. വാർഷികകണക്കിലെ B-18 ഷെഡ്യൂൾ പ്രകാരം അഡ്വാൻസ് ഇനത്തിൽ 17455467/- രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ അഡ്വാൻസ് രജിസ്റ്ററിൽ ഇവയുടെ സംഗ്രഹം എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ തുകകളുടെ ആധികരികത പരിശോധിക്കാനായിട്ടില്ല.

2. തനത് ഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ള Specific Purpose Grant കളുടെ വിനിയോഗ വിവരം കാണിക്കുന്ന ACR സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത ഗ്രാന്റുകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

3. തൊഴിലുറപ്പ് പദ്ധതി- തനത് ഫണ്ടിലേക്ക് തിരിച്ചടവാക്കിയ മുൻകൂർ തുക വാർഷികകണക്ക്, ക്യാഷ് ബുക്ക് എന്നിവ പ്രകാരം പൊരുത്തപ്പെടുന്നില്ല.

| ഇനം | മുൻകൂർ തിരിച്ചടവാക്കിയ തുക |
|---|---|
| വാർഷികകണക്ക് പ്രകാരം | 1712871/- |
| ക്യാഷ് ബുക്ക് പ്രകാരം | 1683909/- |
| വ്യത്യാസം | 28962/- |

4. തൊഴിലുറപ്പ് പദ്ധതി- തൊഴിലാളികൾക്ക് നേരിട്ട് നൽകുന്ന വേതനം വാർഷികകണക്ക് ക്യാഷ് ബുക്ക് എന്നിവ പ്രകാരം പൊരുത്തപ്പെടുന്നില്ല.

| ഇനം | മുൻകൂർ തുക |
|---|---|
| വാർഷികകണക്ക് പ്രകാരം | 18306119/- |
| ക്യാഷ് ബുക്ക് പ്രകാരം | 18113849/- |
| വ്യത്യാസം | 192270/- |

5. 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

6. ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം ഡിപ്രിസിയേഷൻ ഇനത്തിൽ 10022910/-രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ തുകക്കുള്ള പ്രൊവിഷൻ കണക്കാക്കുന്നതിനുള്ള വർക്ക് ഷീറ്റ് തയ്യാറാക്കിയിട്ടില്ല.

7. Advance Collection Of Non Residential Property Tax – വാർഷികകണക്ക് പ്രകാരം 40494 രൂപയും സഞ്ചയ പ്രകാരം 38486 രൂപയുമാണ്.

8. പ്രൊജക്റ്റ് നം.152/22 സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ- തനത് ഫണ്ടിൽ നിന്നും കെ.എസ്.ഇ.ബിയിലേക്ക് ഡെപ്പോസിറ്റ് ചെയ്ത 749320/-രൂപ വാർഷികകണക്ക് പ്രകാരം Repair Of Streetlights ഇനത്തിലാണ് കാണിച്ചിട്ടുള്ളത്.
പ്രൊജക്റ്റ് നം.139/22 സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ-ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും ചെലവഴിച്ച 800000/- രൂപ വാർഷികകണക്ക് പ്രകാരം Kerala State Housing Board ലേക്ക് ഡെപ്പോസിറ്റ് ചെയ്തതായാണ് കാണിച്ചിട്ടുള്ളത്.

9. സംയുക്ത പദ്ധതി- ബ്ലോക്ക് പഞ്ചായത്ത് വിഹിതം – ചെലവ് AFS പ്രകാരം – 3541940 രൂപയും, ചെലവ് പത്രിക പ്രകാരം- 3130940 രൂപയുമാണ്.

10. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. പഴയ ആസ്തികളുടെ വിവരങ്ങൾ പൂർണ്ണമല്ല. വാർഷിക കണക്ക് ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-12 തൊഴിൽ നികുതി ഈടാക്കിയില്ല.

1994 ലെ കേരളപഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 204 പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. പി.എച്ച്.സി മാറാക്കര ഈവനിംഗ് ഒ.പിയിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. വിവരങ്ങൾ താഴെ ചേർക്കുന്നു.

| ജീവനക്കാരന്റെ പേര് (തസ്തിക) | അർദ്ധവർഷത്തിലെ വരുമാനം | അടവാക്കേണ്ട തൊഴിൽ നികുതി |
|---|---|---|
| ഡോ.റിഷ ഫർഹാന | 57525*6= 345150 | ഒന്നാം അർദ്ധവർഷം-1250 |

| | | |
|---|---|---|
| (മെഡിക്കൽ ഓഫീസർ-ഈവനിംഗ് ഒ.പി ) | | രണ്ടാം അർദ്ധവർഷം-1250 |
| മസ്റ്റർ. സി<br>(ഫാർമസിസ്റ്റ്-ഈവനിംഗ് ഒ.പി) | 24520*6= 147120 | ഒന്നാം അർദ്ധവർഷം-1250<br>രണ്ടാം അർദ്ധവർഷം-1250 |
| | | ആകെ- 5000/- |

മേൽ പറഞ്ഞ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറി (15/19.12.2022)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-13 പോഷകാഹാര വിതരണം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അനുപൂരക പോഷകാഹാരം [35/22] എന്ന പദ്ധതിയുടെ രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.TDS ഈടാക്കിയില്ല

ഗുഡ്സ് & സർവ്വീസ് ആക്റ്റ് 2017- ലെ സെക്ഷൻ 51, 21.07.2018-ലെ 28-ാമത് ജി.എസ്.ടി കൗൺസിൽ തീരുമാനം എന്നിവ പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്ഥാപനങ്ങൾ വാങ്ങുന്ന സാധനങ്ങളുടെ ബില്ലിൽ നികുതി കിഴിച്ചുള്ള തുകയുടെ 2 ശതമാനം TDS ഈടാക്കേണ്ടതാണ്. എന്നാൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അനുപൂരക പോഷകാഹാര വിതരണം എന്ന പദ്ധതി പ്രകാരം ചൈതന്യ ന്യൂട്രീമിക്സ് അയിരൂർ എന്ന സ്ഥാപനത്തിൽ നിന്നും ന്യൂട്രീമിക്സ് വാങ്ങുന്നതിന് ചെലവഴിച്ച തുകയുടെ ബില്ലുകളിൽ ജി.എസ്.ടി TDS ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്റ്റ് | ബിൽ നമ്പർ/വൌച്ചർ നമ്പർ | സ്ഥാപനത്തിന്റെ പേര്. | ഇൻവോയിസ് നമ്പർ / തിയ്യതി | ജി.എസ്.ടി ബാധകമായ തുക |
|---|---|---|---|---|
| അനുപൂരക പോഷകാഹാര വിതരണം [35/22] | 5/21-22/13.10.21 | ചൈതന്യ ന്യൂട്രീമിക്സ് | 1/8.4.21 | 104596 |
| | | | 12/20.5.21 | 173218 |
| | | | 25/23.6.21 | 180762 |
| | | | 43/29.7.21 | 187671 |
| | | | 63/4.09.21 | 193875 |
| | | | 77/6.06.21 | 75400 |
| | | | 27/29.10.21 | 183864 |
| അനുപൂരക പോഷകാഹാര വിതരണം [35/22] | 8/21-22/31.12.21 | ചൈതന്യ ന്യൂട്രീമിക്സ് | 91/5.11.21 | 169238 |
| | | | 108/4.12.21 | 104165 |
| | | | ആകെ | 1372789 |

2). ന്യൂട്രിമിക്സ് വിതരണം ചെയ്യുന്ന സ്ഥാപനത്തെ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ ന്യൂട്രിമിക്സ് വിതരണം ചെയ്ത ചൈതന്യ ന്യൂട്രീമിക്സ്,വിജയ് ഓജസി ന്യൂട്രീമിക്സ്,പ്രശാന്തി ന്യൂട്രീമിക്സ് പുളിക്കൽ,പ്രീതി ഐശ്വര്യ ന്യൂട്രീമിക്സ് കുനിയിൽ, എന്നീ സ്ഥാപനങ്ങളെ പഞ്ചായത്തിലെ വിതരണത്തിനുള്ള ഏജൻസിയായി പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചിട്ടില്ല. ഈ സ്ഥാപനങ്ങളുമായി ന്യൂട്രിമിക്സ് വിതരണത്തിന് പഞ്ചായത്ത് /നിർവ്വഹണോദ്യോഗസ്ഥൻ കരാർ ചമച്ചിട്ടുമില്ല.

3). ഭക്ഷണ സാധനത്തിന്റെ ഗുണനിലവാര പരിശോധന നടത്തിയിട്ടില്ല.

സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ 18.12.2010 തീയതിയിലെ ഐ.സി.ഡി.എസ് ബി3-312/10 നമ്പർ കത്ത് പ്രകാരം രണ്ട് മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ടുകളുടെ സാമ്പിളുകൾ പരിശോധന നടത്താനും നിർദ്ദേശിച്ചിരുന്നു. എന്നാൽ വിതരണം ചെയ്ത ഭക്ഷണ സാധനത്തിന്റെ ഗുണ നിലവാര പരിശോധന നടത്തിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 16/20.12.22 ന് മറുപടി നൽകിയിട്ടില്ല. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-14 തുല്യതാ പഠിതാക്കൾക്ക് ഫീസ് തിരികെ നൽകൽ- തുക അടവാക്കിയ വിവരം ലഭ്യമല്ല.

ഹെഡ് മിസ്ട്രസ് നിർവ്വഹണം നടത്തിയ തുല്യതാ പഠിതാക്കൾക്ക് ഫീസ് തിരികെ നൽകൽ എന്ന പദ്ധതി പ്രകാരം ഹയർ സെക്കന്ററി പഠിതാക്കൾക്ക് താഴെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട്.

| പ്രൊജെക്റ്റ് | ചെലവഴിച്ച തുക | വൌച്ചർ നമ്പർ | റിമാർക്സ് |
|---|---|---|---|
| തുല്യതാ പഠിതാക്കൾക്ക് ഫീസ് തിരികെ നൽകൽ(27/22) | 39,900 (തനത് ഫണ്ട്) | 22100474/30.3.22 | 21 ഹയർ സെക്കന്ററി പഠിതാക്കൾക്ക് 1900 രൂപ വീതം പരീക്ഷാ ഫീസ് അടവാക്കിയിട്ടുണ്ടെങ്കിലും സാക്ഷരതാ മിഷനിൽ തുക അടവാക്കിയ വിവരം,ഹാൾടിക്കറ്റ്,പരീക്ഷ എഴുതിയ വിവരം എന്നിവ ലഭ്യമല്ല, |

അപാകതകൾ സൂചിപ്പിച്ച് നൽകി ഓഡിറ്റ് എൻക്വയറി നമ്പർ.01/12.12.22 ന് നൽകിയി മറുപടിയിൽ ഹാൾടിക്കറ്റ്,തുക അടവാക്കിയ വിവരം എന്നിവ ഹാജരാക്കുന്നതാണെന്ന് അറിയിച്ചു. രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-15 രജിസ്റ്റേഡ് ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം- അപാകതകൾ

ഹെഡ് മിസ്ട്രസ് നിർവ്വഹണം നടത്തിയ രജിസ്റ്റേഡ് ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം എന്ന പദ്ധതി പ്രകാരം താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| പ്രോജക്റ്റ് | ചെലവഴിച്ച തുക | ബിൽ നമ്പർ | റിമാർക്സ് |
|---|---|---|---|
| രജിസ്റ്റേഡ് ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം.42/22) | 48,000 (തനത് ഫണ്ട്) | 22100473/30.3.22 | ബ്യൂട്ടി സ്പോർട്സ് കോട്ടക്കൽ നിന്നും ഇൻവോയ്സ് നമ്പർ 524/22.03.22 പ്രകാരം 12 ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം ചെയ്തിട്ടുണ്ട് |

അപാകതകൾ

1. സർക്കാർ ഉത്തരവ്(കൈ)നമ്പർ22/2018/തസ്വഭവ തിയതി 14.02.2018 പ്രകാരം ഖണ്ഡിക7.6.13 പ്രകാരം ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം ചെയ്യുമ്പോൾ എല്ലാ ക്ലബ്ബുകളിൽ നിന്നും അപേക്ഷ ക്ഷണിക്കണമെന്നും ഓരോ ക്ലബ്ബിനും അവർക്ക് ആവശ്യമുള്ള ഉപകരണങ്ങളുടെ ലിസ്റ്റ് അപേക്ഷയോടൊപ്പം സമർപ്പിക്കണമെന്നും ഇവ ക്രോഡീകരിച്ച് ഉപകരണങ്ങൾ വാങ്ങണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്.എന്നാൽ ഗ്രാമ പഞ്ചായത്ത് ഈ നിർദേശം പാലിച്ചിട്ടില്ല.
2. കൈപറ്റ് പരിശോധിച്ചതിൽ 12 ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് നൽകിയിട്ടുണ്ട് എങ്കിലും ഇവയിൽ 6 ക്ലബ്ബുകൾക്ക് മാത്രമാണ് രജിസ്ട്രേഷൻ ഉള്ളത്.

അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 01/12.12.22 ന് നൽകിയ മറുപടിയിൽ ക്ലബ്ബുകൾ അംഗീകാരത്തിന് അപേക്ഷിച്ചിട്ടുണ്ട് എന്ന് അറിയിച്ചു. ക്ലബ്ബുകളുടെ അപേക്ഷയും രജിസ്ട്രേഷൻ രേഖകളും ഹാജരാക്കേണ്ടതാണ്.

## 1-16 അംഗനവാടികൾക്ക് ഷെൽഫും കസേരയും-പദ്ധതി നടത്തിപ്പിലെ അപാകതകൾ

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അംഗനവാടികൾക്ക് ഷെൽഫും കസേരയും എന്ന പദ്ധതിക്കായി ARTCO കോഴിക്കോട്ടനിന്നും ക്വട്ടേഷൻ ടെണ്ടർ നടപടികൾ സ്വീകരിക്കാതെ ഗ്രാമ പഞ്ചായത്തിലെ അംഗനവാടികൾക്ക് നീൽകമൽ ചെയർ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. വിശദ വിവരം ചുവടെ

| | |
|---|---|
| പ്രൊജക്റ്റ് | അംഗനവാടികൾക്ക് ഷെൽഫും കസേരയും (278/22) |
| ബിൽ നമ്പർ | 17/18.3.22 |
| ചെലവഴിച്ച തുക | 4,49,509 |
| നീൽ കമൽ ചെയറിന്ന ചെലവഴിച്ച തുക | 1,95,998 |
| ഇൻവോയ്സ് നമ്പർ | KKD 534/17.3.22 |

ഈ പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു,

1. പദ്ധതിക്കായി ക്വട്ടേഷൻ ക്ഷണിക്കാതെയാണ് ARTCO തെരെഞ്ഞെടുത്തിട്ടുള്ളത്,എന്നാൽ ജി,ഒ (ആർ.ടി) നമ്പർ 1/2021 /SPD/തിയതി5.1.2021 ഉത്തരവ് പ്രകാരം സർക്കാർ സ്ഥാപനങ്ങൾ ക്വട്ടേഷൻ ക്ഷണിക്കാതെ ARTCO യിൽനിന്നും ഉപകരണങ്ങൾ വാങ്ങുമ്പോൾ ARTCO മാനേജിംഗ് ഡയറക്ടറിൽ നിന്നും പ്രസ്തുത ഉപകരണങ്ങൾ ARTCO യിൽ സ്വയം നിർമ്മിച്ചതാണ് എന്ന സാക്ഷ്യപത്രം വാങ്ങേണ്ടതാണ് എന്ന് നിർദേശിച്ചിട്ടുണ്ട് എന്നാൽ ഗ്രാമ പഞ്ചായത്ത് ഈ നിർദേശം പാലിച്ചിട്ടില്ല.

2. ജി,ഒ (ആർ.ടി) നമ്പർ 1/2021/SPD/തിയതി5.1.2021 ഉത്തരവ് ഖണ്ഡിക 4 പ്രകാരം സർക്കാർ സ്ഥാപനങ്ങൾ ക്വട്ടേഷൻ

ക്ഷണിക്കാതെ ARTCO യിൽനിന്നും ഉപകരണങ്ങൾ വാങ്ങുമ്പോൾ ARTCO സ്വയം നിർമ്മിച്ച വസ്തുക്കൾ മാത്രമാണ് ക്വട്ടേഷൻ കൂടാതെ വാങ്ങുന്നതിന് അനുവാദമുള്ളത്. എന്നാൽ നീൽകമൽ ചെയർ ARTCO സ്വയം നിർമ്മിച്ച അവരുടെ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെട്ടവയല്ല.

അപാതതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 17/20.12.22ന് നൽകിയ മറുപടിയിൽ ARTCO യിൽ നിന്നും സാക്ഷ്യപത്രം ഹാജരാക്കുന്നതാണ് എന്ന് അറിയിച്ചു. ഭാവിയിൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-17 വയോജനങ്ങൾക്ക് കട്ടിൽ സർക്കാർ മാർഗ്ഗ നിർദേശങ്ങൾ പാലിച്ചില്ല.

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ വയോജനങ്ങൾക്ക് കട്ടിൽ എന്ന പദ്ധതിക്കായി മൂർക്കത്ത് ഫർണ്ണിച്ചർ മാറാക്കര എന്ന സ്ഥാപനത്തിൽനിന്നും ക്വട്ടേഷൻ മുഖേന കട്ടിൽ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് | വയോജനങ്ങൾക്ക് കട്ടിൽ (61/22) (ജനറൽ) |
| ബിൽ നമ്പർ | 10/9.2.22 |
| ചെലവഴിച്ച തുക | 4,89,600 |
| ഇൻവോയ്സ് നമ്പർ | 15/3.2.22 |

ഈ പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു,

1. പദ്ധതിക്കായി ക്വട്ടേഷൻ ക്ഷണിച്ചതിൽ ഏറ്റവും കുറവ് നിരക്ക് കോട്ട് ചെയ്ത രണ്ട് സ്ഥാപനങ്ങളെ ഗുണ നിലവാരമില്ല എന്ന കാരണത്താൽ ഒഴിവാക്കികൊണ്ടാണ് മൂന്നാമത്തെ ഏറ്റവും കുറവ് നിരക്ക് കോട്ട് ചെയ്ത സ്ഥാപനത്തെ തെരെഞ്ഞെടുത്തിട്ടുള്ളത്. എന്നാൽ ഗ്രാമ പഞ്ചായത്ത് ഈ സ്ഥാപനവുമായി കരാർ ചമച്ചിട്ടില്ല.

2. കട്ടിൽ കൈപറ്റിയ ഗുണഭോക്താക്കളുടെ അപേക്ഷ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

| ക്രമ നം. | ഗുണഭോക്താവ് | അപാകതകൾ |
|---|---|---|
| 1 | ശ്രീ.മുഹമ്മദ്,പൊട്ടേങ്ങൽ | സ,ഉ.(കൈ) നം 22/18ത.സ്വ.ഭ.വ. തിയതി.14.2.2018 ഖണ്ഡിക 7.31.13(2)പ്രകാരം 60 വയസ്സിന് മുകളിൽ ഉള്ളവർക്കാണ് കട്ടിൽ വിതരണം ചെയ്യേണ്ടത് എന്നാൽ ഗുണഭോക്താവ് അപേക്ഷയോടൊപ്പം സമർപ്പിച്ച ആധാർ,റേഷൻ കാർഡ് എന്നിവ പ്രകാരം ടിയാന് 60 വയസ്സ് പൂർത്തിയായിട്ടില്ല.പാസ് പോർട്ട് പ്രകാരം വയസ്സ് പൂർത്തിയായിട്ടുണ്ട് എന്ന് അറിയിച്ചു. |
| 2 | ശ്രീ.മൂസ്സ.കരിങ്കപ്പാറ | സ,ഉ.(കൈ) നം 22/18ത.സ്വ.ഭ.വ. തിയതി.14.2.2018 ഖണ്ഡിക 2.12പ്രകാരം വ്യക്തിഗത ആനുകൂല്യങ്ങൾക്ക് വരുമാന പരിധി രണ്ട് ലക്ഷം രൂപയാണ്.എന്നാൽ ഗുണഭോക്താവ് അപേക്ഷയോടൊപ്പം വരുമാനം തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല. അപേക്ഷയോടൊപ്പം സമർപ്പിച്ച റേഷൻ കാർഡിൽ ടിയാന്റെ പേരില്ല. രേഖകൾ ഹാജരാക്കുന്നതാണ് എന്ന് അറിയിച്ചു. |
| 3 | ശ്രീ.മുഹമ്മദ് മൈലാമ്പാടൻ | |

അപാകതകൾക്ക് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എന്ക്വയറി നമ്പർ18/20.12.22ന് നൽകിയ മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചു. പദ്ധതി നിർവ്വഹണത്തിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-18 വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെ പറയുന്ന ചെലവുകളുടെ വിനിയോഗ സാക്ഷ്യപത്രം/പൂർത്തീകരണ വിവരം ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല.

| ക്രമ നം | ബില്ലിന്റെ വിവരം | അടങ്കൽ തുക | ചെലവ് | വൗച്ചർ നം./ബിൽ റെഫ. നം.തിയ്യതി |
|---|---|---|---|---|
| 1. | സ്ട്രീറ്റ് മെയിൻ നീട്ടൽ(പ്രൊജക്ട് നം.139/22) KSEB ക്ക് നൽകിയത് | 1200000 ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 800000<br>400000 | 22100428/19.3.22, 8,00,000<br>22100498/30.3.22, 4,00,000 |
| 2. | സ്ട്രീറ്റ് മെയിൻ നീട്ടൽ(പ്രൊജക്ട് നം.152/22) KSEB ക്ക് നൽകിയത് | 750680 വികസനഫണ്ട്(എ) 749320 | വികസനഫണ്ട് എ)44568 706112 | 21150852010801153646/17.2.22<br>21150852010801153638/17.2.22<br>22100415/17.3.22 |

| | | | | |
|---|---|---|---|---|
| | | തനതു ഫണ്ട്(ബി)<br>ആകെ 15,00,000 | തനതു ഫണ്ട്<br>ബി)470568<br>278752 | 22100416/17.3.22 |
| 3. | ജില്ലാ പഞ്ചായത്ത് റിസോഴ്സ് സെന്ററിനു വിഹിതം<br>(പ്രൊജക്ട് നം.283/22) | 20405<br>വികസനഫണ്ട്(എ)<br>244595<br>തനതു ഫണ്ട്(ബി)<br>ആകെ<br>265000 | (എ)14513<br>(ബി) 5892<br>244595 | 21150852010801370584/18.3.22<br>21150852010801446134/24.3.22<br>22100471/30.3.22 |
| | | ആകെ | 2965000 | |

ചെലവു തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. 2965000 രൂപ തടസത്തിൽ വെക്കുന്നു.

## 1-19 അഗതി രഹിത കേരളം പദ്ധതി:അപാകതകൾ

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ അശരണരും നിലാരംബരുമായ മുഴുവൻ അഗതി കുടുംബങ്ങളെയും കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിനുള്ള ഏകീകൃത പദ്ധതി എന്ന നിലയിൽ അഗതി രഹിത കേരളം പദ്ധതി കുടുംബശ്രീയുടെ നേതൃത്വത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കുന്നതിന് സർക്കാർ തീരുമാനിക്കുകയും ഇതിനുള്ള മാർഗ്ഗരേഖ സ.ഉ.(എം.എസ്)നം.252/2017/ത.സ്വ.ഭ.വ തി.12.12.2017 പ്രകാരം പുറപ്പെടുവിക്കുകയും ചെയ്തു. സംസ്ഥാനത്ത് ഏറ്റവും പ്രയാസം അനുഭവിക്കുന്ന അഗതി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതിയാണ് അഗതി രഹിത കേരളം പദ്ധതി. പദ്ധതി അടങ്കലിന്റെ 40% തുക അല്ലെങ്കിൽ പരമാവധി 40 ലക്ഷം രൂപ (ഇവയിലേതാണോ കുറവ് അത്) ചലഞ്ച് ഫണ്ടായി കുടുംബശ്രീയിലൂടെ അനുവദിക്കുന്നതാണ്. സർക്കാർ നിശ്ചയിച്ച പ്രത്യേക മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി കുടുംബശ്രീ മുഖേന സർവേ നടത്തിയാണ് അഗതി കുടുംബങ്ങളെ തെരഞ്ഞെടുക്കുന്നത് എന്നതിനാൽ ഏറ്റവും അർഹരായവർ മാത്രമാണ് പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കപ്പെടേണ്ടത്.

മാറാക്കര ഗ്രാമ പഞ്ചായത്ത് അംഗീകരിച്ച പദ്ധതി 2018 ൽ പ്രവർത്തനം ആരംഭിച്ചതാണ്.

I-പദ്ധതിയുടെ വിശദ വിവരങ്ങൾ താഴെ നൽകുന്നു.

ഗുണഭോക്താക്കൾ - 189

ആകെ അടങ്കൽ - 11113760

I) വിവിധ പ്രവർത്തനങ്ങൾക്കായുള്ള പണം വകയിരുത്തൽ

| | |
|---|---|
| ഭക്ഷണം | 2787960 |
| ചികിത്സ | 330000 |
| വസ്ത്രം | 11000 |
| ഭവന നിർമ്മാണം | 3200000 |
| ഭവന പുനരുദ്ധാരണം | 4400000 |
| വിദ്യാഭ്യാസം | 121500 |
| ഭൂമി | 0 |
| റിസർവ് ഫണ്ട് | 171300 |
| വൈദ്യുതി | 0 |
| കുടിവെള്ളം | 72000 |
| ശൗചാലയം | 0 |
| മെഡിക്കൽ ക്യാമ്പ് | 20000 |
| ആകെ | 11113760 |

II)ചെലവ് വിവരം

31.3.2022 വരെ 3 വർഷകാലയളവിലായി ഭക്ഷണ കിറ്റ് നൽകുന്നതിനു 1755619 രൂപയും വിദ്യാഭ്യാസ കിറ്റ് നല്കുന്നതിനു 65050 രൂപയും ഭവന പുനരുദ്ധാരണത്തിനു 50000 രൂപയും മാത്രമാണ് ചെലവഴിക്കാനായിട്ടുള്ളത്.

111) അംഗീകരിക്കപ്പെട്ട രീതിയിൽ പ്രൊജക്ട് നടപ്പാക്കുന്നില്ല

അഗതി രഹിത കേരളത്തിന്റെ DPR പ്രകാരം മേൽ ഇനങ്ങൾക്കു പുറമെ ചികിത്സ, വസ്ത്രം, ഭവന നിർമ്മാണം, സ്ഥലം

വാങ്ങൽ, വൈദ്യുതി, ശൗചാലയം ,കുടിവെള്ളം,മെഡിക്കൽ ക്യാമ്പ് എന്നീ ആവശ്യങ്ങൾക്ക് ഗുണഭോക്താക്കൾ ഉണ്ടെങ്കിലും ഈ ഇനങ്ങളിൽ നാളിതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

മൂന്ന് വർഷം കൊണ്ട് പൂർത്തീകരിക്കേണ്ട ഈ പദ്ധതി നടത്തിപ്പിൽ ഗുണഭോക്താക്കൾക്ക് ആവശ്യമായ സേവനങ്ങൾ യഥാവിധി നൽകാൻ സാധിച്ചിട്ടില്ല എന്നാണ് രേഖകൾ പരിശോധിച്ചതിൽ നിന്ന് മനസിലാക്കാൻകഴിയുന്നത്. ഭവന പുനരുദ്ധാരണത്തിന് വേണ്ടി 44,00,000 രൂപ വകയിരുത്തിയതിൽ ഈ കാലയളവിൽ 50000 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

പദ്ധതിക്ക് വേണ്ടി തുടങ്ങിയ 3 ബാങ്ക് അക്കൗണ്ടുകളിലായി 31.3.22 ന് 12,25,732 രൂപ നീക്കിയിരിപ്പുണ്ട്.
വിശദാംശം:

| 1ക്രമ നം. | ബാങ്ക് | അക്കൗണ്ട് നം. | തുക |
|---|---|---|---|
| 1 | കനറാ ബാങ്ക്, | 4700101005044 | 340809 |
| 2 | എം.ഡി.സി ബാങ്ക്,കാടാമ്പുഴ | 090431201020036 | 19994 |
| 3 | എം.ഡി. സി ബാങ്ക്,കാടാമ്പുഴ | 090431201000009 | 864929 |
| | ആകെ | | 1225732 |

ഓഡിറ്റ് തിയതിയിലെ ബാലൻസ് 2426275 രൂപയാണ്. (882275+1544000)
പഞ്ചായത്തിലെ ഏറ്റവും ബുദ്ധിമുട്ടനുഭവിക്കുന്നവർക്ക് വേണ്ടി തയ്യാറാക്കിയ പദ്ധതിക്ക് ഫണ്ട് അനുവദിക്കുന്നതിലും , അനുവദിച്ച ഫണ്ട് യഥാ സമയം വിനിയോഗിക്കുന്നതിലും പഞ്ചായത്ത് വേണ്ടത്ര ശ്രദ്ധ ചെലുത്തിയിട്ടില്ല എന്ന് വ്യക്തമാണ്. പദ്ധതിക്ക് വേണ്ടി 1,11,13760 രൂപ അടങ്കൽ വകയിരുത്തിയെങ്കിലും 3 വർഷ കാലയളവിൽ 18,70,669 രൂപ (ഭവന പുനരുദ്ധാരണം ഉൾപ്പെടെ) മാത്രമാണ് ഗ്രാമ പഞ്ചായത്തിന് ചെലവഴിക്കാനായത്.

പദ്ധതിക്ക് വേണ്ടി 3 അക്കൗണ്ടിലൂടെ പണമിടപാടുകൾ നടത്തുന്നതും ക്രമപ്രകാരമല്ല. അധികമായുള്ള അക്കൗണ്ടുകൾ അഗതി രഹിത കേരളം പദ്ധതിക്കായി മാത്രമായാണ് പരിപാലിച്ച് വരുന്നത് എങ്കിൽ ആയവ ക്ലോസ് ചെയ്ത് ഇടപാടുകൾ ഒറ്റ അക്കൗണ്ടിലൂടെ മാത്രമാക്കി പരിമിതപ്പെടുത്താൻ നടപടി സ്വീകരിക്കേണ്ടതാണ്. പദ്ധതിക്ക് ചെലവ് കുറയാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്. കൂടാതെ സ.ഉ.(സാ.ധാ) നം.1751/2022/LSGD തി.21.7.22 പ്രകാരം പദ്ധതി കാലയളവ് നീട്ടിയ സാഹചര്യത്തിൽ നീക്കിയിരിപ്പിൽ കിടക്കുന്ന തുക വിനിയോഗിക്കുന്നതിനും അർഹരായ ഗുണഭോക്താക്കൾക്ക് ആനുകൂല്യം എത്തിക്കുന്നതിനും സ്വീകരിച്ച നടപടികൾ സംബന്ധിച്ചുള്ള വിവരങ്ങളും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (എൻക്വയറി നം. 12/19.12.22 ന് മറുപടി ലഭ്യമായിട്ടില്ല).

## 1-20 ചട്ടവിരുദ്ധമായി പദ്ധതി നടപ്പാക്കിയതിനാൽ ഗ്യാസ് ക്രിമിറ്റോറിയം അനിശ്ചിതാവസ്ഥയിലായി - മറ്റ് അപാകതകൾ

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി 2018-19 സാമ്പത്തിക വർഷത്തിൽ തുടങ്ങി സ്പിൽ ഓവറായി 2021-22 ൽ പൂർത്തിയാക്കിയ പ്രവൃത്തിയാണ് പൊതു ശ്മശാനത്തിൽ ഗ്യാസ് ക്രിമിറ്റോറിയം സ്ഥാപിക്കൽ. ഗ്യാസ് ക്രിമിറ്റോറിയം സ്ഥാപിക്കൽ എന്ന പ്രവൃത്തിക്ക് വേണ്ടി 2345168 രൂപയും കൂടാതെ 2021-22 വർഷത്തിൽ പൊതുശ്മശാനം 198906 രൂപ ചെലവവിച്ച് വൈദ്യുതീകരണം നടത്തുകയും ഇവിടേക്ക് 20 KV/415 V 5,00,000 രൂപ ചെലവഴിച്ച് ജനറേറ്റർ വാങ്ങുകയും ചെയ്തു. പദ്ധതിക്ക് വേണ്ടി 30,44,074 രൂപ ഇതുവരെ ചെലവ് വന്നിട്ടുണ്ട് (കെട്ടിടം ഒഴികെ). പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

| ക്രമ നമ്പർ | പ്രോജക്റ്റ് | ചെലവ് | വൗച്ചർ |
|---|---|---|---|
| 1 | SO 168/22<br>പൊതുശ്മശാനത്തിൽ ഗ്യാസ് ക്രിമിറ്റോറിയം<br>അടങ്കൽ-30,00,000<br>ഫണ്ട് - ജില്ലാ പഞ്ചായത്ത് വിഹിതം (സംയുക്ത പ്രോജക്റ്റ്) | 2345168 | 22100042/ 22.10.21 -2256386<br>22100043/ 22.10.21 -23452<br>22100044/ 22.10.21 -14598<br>22100045/ 22.10.21 -14598<br>22100047/ 22.10.21 -23452<br>22100046/ 22.10.21 -12682 |
| 2 | 240/22<br>പൊതുശ്മശാനത്തിലേക്ക് ജനറേറ്റർ | 5,00,000 | 22100375/ 11.3.22 |

| | | | |
|---|---|---|---|
| | അടങ്കൽ-5,00,000<br>ഫണ്ട് - തനത് ഫണ്ട് | | |
| 3 | പ്രോജക്റ്റ് - 22/22<br>പൊതുശ്മശാനം വൈദ്യുതീകരണം<br>അടങ്കൽ-2,00,000<br>ഫണ്ട് - തനത് ഫണ്ട് | 198906 | 22100066/ 2.11.21 -195476<br>22100067/ 2.11.21 -1715<br>22100068/ 2.11.21 -1715 |

പൊതുശ്മശാനത്തിൽ ഗ്യാസ് ക്രിമിറ്റോറിയം സ്ഥാപിക്കൽ എന്ന പ്രവൃത്തി ശുചിത്വമിഷന്റെ അംഗീകരമുള്ള Hi-Tech Crematorium Pvt Ltd എന്ന സ്ഥാപനം മുഖേന ടെണ്ടർ ചെയ്തിട്ടാണ് നടപ്പാക്കിയിട്ടുള്ളത്.

1. 1998 ലെ കേരള പഞ്ചായത്ത് രാജ് (ശവം മറവ് ചെയ്യാനം ദഹിപ്പിക്കാനമുള്ള സ്ഥലങ്ങൾ) ചട്ടങ്ങൾ ചട്ടം 3 പ്രകാരം ജില്ലാ കലക്ടറുടെ മുൻകൂർ അനുമതിയോട് കൂടി ശ്മശാനങ്ങൾ ഉണ്ടാക്കാവുന്നതും അവ ഉപയോഗിക്കുന്നതിന് പഞ്ചായത്ത് നിശ്ചയിക്കും പ്രകാരം വാടകയും ഫീസും ചുമത്താവുന്നതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതിൽ ഉപചട്ടം (2)1 പ്രകാരം മുൻകൂർ അനുവാദത്തിനായുള്ള അപേക്ഷ ജില്ലാ മെഡിക്കൽ ഓഫീസറുടെ അഭിപ്രായ സഹിതം കളക്ടർക്ക് സമർപ്പിക്കേണ്ടതാണ്. ചട്ടം 6 പ്രകാരം ജില്ലാ കളക്ടറിൽ നിന്നുള്ള ലൈസൻസ് ലഭിക്കാതെ സ്ഥലം ഏർപ്പെടുത്തുകയോ നിർമ്മിക്കുകയോ ചെയ്യാൻ പാടില്ല എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ശ്മശാനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തുടങ്ങുന്നതിന് മുമ്പ് ഇത്തരം നടപടിക്രമങ്ങൾ പാലിക്കുകയും ജില്ലാ കലക്ടറുടെ മുൻകൂർ അനുമതി വാങ്ങുകയും ചെയ്തിട്ടില്ല

2.2018-19 സാമ്പത്തിക വർഷത്തിൽ 30,00,000 രൂപ അടങ്കലിൽ 29,00,000 ജില്ലാ പഞ്ചായത്ത് വിഹിതവും 1,00,000 രൂപ ഗ്രാമ പഞ്ചായത്ത് വിഹിതവും ഉൾപ്പെടുത്തി സംയുക്ത പ്രോജക്ടായിട്ടാണ് പദ്ധതി ആവിഷകരിച്ചത്. ഇതിന് വേണ്ടി 29.3.19 ന് 29,00,000 ജില്ലാ പഞ്ചായത്ത് വിഹിതം ലഭിച്ചിട്ടുണ്ട്. ആയത് വർഷങ്ങളോളം ഗ്രാമ പഞ്ചായത്തിന്റെ Special TSB അക്കൗണ്ടിൽ നിക്ഷേപിച്ച് പ്രവൃത്തി 2021-22 വർഷത്തിൽ പ്രവൃത്തി 23,45,168 രൂപക്ക് പൂർത്തിയായതിന്റെ അടിസ്ഥാനത്തിൽ ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച തുകയിൽ നിന്നും 23,45,168 രൂപ Hi-Tech Crematorium Pvt Ltd, ആലുവ എന്ന സ്ഥാപനത്തിന് അനുവദിച്ചു. ബാക്കി 5,54,832 രൂപ ജില്ലാ പഞ്ചായത്തിലേക്ക് ചെക്ക് പ്രകാരം തിരിച്ചടച്ചതായി (Cheque No. 2036014/29.8.22) കാണിച്ചിട്ടുണ്ട്. എന്നാൽ ജില്ലാ പഞ്ചായത്തിന്റെ കൈപ്പറ്റ് ഫയലിൽ നിന്നും ലഭ്യമല്ല. സംയുക്ത പ്രോജക്ടായ ഈ പദ്ധതിക്ക് ഗ്രാമ പഞ്ചായത്തിന്റെ ഭാഗത്ത് നിന്നും ചെലവുണ്ടായില്ല.

3. പ്രവൃത്തിയിൽ നിന്നും ആദായ നികുതി 2% പിടിക്കുന്നതിന് പകരം 1% പിടിച്ച (Income Tax Act 1961, Section 194C) . 23452 രൂപ സ്ഥാപനത്തിന് അധികം നൽകി.

4. ടെണ്ടർ മുഖേനയാണ് സ്ഥാപനത്തെ തെരഞ്ഞെടുത്തിട്ടുള്ളത്. ശുചിത്വ മിഷന്റെ അംഗീകാരമുള്ള 5 സ്ഥാപനങ്ങളിൽ നിന്നും കുറഞ്ഞ നിരക്ക് ക്വാട്ട് (2093900 രൂപ) ചെയ്ത Hi-Tech Crematorium Pvt Ltd, ആലുവ എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്തു. 26-02-2019 സ്ഥാപനവും ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയും വച്ച കരാർ പ്രകാരം 2093900 രൂപക്കാണ് പ്രവൃത്തി ചെയ്യാമെന്ന് ഏറ്റെടുത്തിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിന് 23,45,168 രൂപ അനുവദിച്ചിട്ടുണ്ട്. 2,51,268 അധികം നൽകിയതായി കണ്ടു. GST 12% ആണ് അധികമായി നൽകികാണുന്നത്. എന്നാൽ GST തുക ഉൾപ്പെടുത്തി കരാർ പുതുക്കിയിട്ടില്ല.

5. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ LPG ഇന്ധനമായി ഉപയോഗിക്കപ്പെടുന്ന ക്രിമിറ്റോറിയം സ്ഥാപിക്കൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ശുചിത്വമിഷന്റെ 1.3.2017 ലെ 1245 /C1/2016/SM നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും പദ്ധതിക്ക് അനുമതി, ഫയർ & സേഫ്റ്റി ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള അനുമതി (NOC) എന്നിവ ആവശ്യമാണ്. ഇവ ലഭിച്ചതിന്റെ വിവരം ഫയലിൽ നിന്നും ലഭ്യമല്ല.

6. Hi-Tech Crematorium Pvt Ltd, ആലുവ എന്ന സ്ഥാപനത്തിന്റെ നിബന്ധനകൾ (Term And Condition) മെഷിനറികൾ സ്ഥാപിച്ച് 2 വർഷം മെയിന്റനൻസ് വാറന്റിയും 1 വർഷം സർവീസ് വാറന്റിയുമാണ് ഉള്ളത്. ഇതിന്റെ ആനുകൂല്യം ലഭ്യമാക്കുന്നതിന് ക്രമിറ്റോറിയം പ്രവർത്തനക്ഷമമായിട്ടില്ലാത്തതിനാൽ കഴിയുന്നില്ല.

7. സ്ഥാപനത്തിന്റെ നിബന്ധനകൾ (Term And Condition) പ്രകാരം പേമെന്റ് അനുവദിക്കാവുന്നത് 50% മെഷിനറി സ്ഥാപിച്ചതിന് ശേഷവും ബാലൻസ് തുക പ്രവൃത്തി കമ്മീഷനിംഗ് ചെയ്തതിന് ശേഷവുമാണ്. ട്രയൽ റൺ നടത്തി പ്രവൃത്തി കമ്മീഷനിംഗ് ചെയ്യുന്നതിന് മുമ്പ് തന്നെ മുഴുവൻ തുകയും അനുവദിച്ചു.

8.ചട്ടവിരുദ്ധമായി പ്രവൃത്തി നടപ്പാക്കിയതിനാൽ (ജില്ലാ കളക്ടറുടെ അനുമതി ലഭിക്കാത്തതിനാൽ) നാളിത് വരെ ക്രിമിറ്റോറിയം തുറന്ന് പ്രവൃത്തിപ്പിക്കുന്നതിന് ഗ്രാമ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല.

മേൽ അപാകതകളുടെ അടിസ്ഥാനത്തിലും പദ്ധതി നാളിത് വരെ ലക്ഷ്യത്തിലെത്താത്തതിനാലും ക്രിമിറ്റോറിയമായി ബന്ധപ്പെട്ട പ്രവൃത്തികളിൽമേൽ ചെലവഴിച്ച 30,44,074 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. തടസ്സം ഒഴിവാക്കുന്നതിന് തുടർനടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്. കൂടാതെ ആദായ നികുതി കുറവായി ഈടാക്കിയത് കാരണം

സ്ഥാപനത്തിന് അധികം നൽകിയ തുക തിരികെ ഈടാക്കി ആദായ നികുതി വകുപ്പിലേക്ക് അടവാക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നമ്പർ 19/19.12.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-21 ആറ്റുപുറം അംഗൻവാടി പുനരുദ്ധാരണം - അപാകതകൾ

നിർവഹണ ഉദ്യോഗസ്ഥൻ- അസി.എഞ്ചിനീയർ

പ്രോജക്റ്റ് നം - 210/22

ഫണ്ട് - തനത് ഫണ്ട്

എം. ബുക്ക് - 56A/20-21

കരാർ - 102/14.1.21 (Estimate Rate)

മൂല്യനിർണ്ണയം - 169496

ചെക്ക്- JM5841432/12.3.22 - 169496

കരാറുകാരൻ - ഹസ്സൈൻ.M

Cost Index -31.06% (DAR 2016)

TS-200000

TS No.- 84584/20-21

Esti. No.- 2020/128153

മേൽ പ്രവൃത്തി 19.12.22 ന് ഗ്രാമ പഞ്ചായത്ത് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ സ്ഥല പരിശോധന നടത്തിയതിൽ ശ്രദ്ധയിൽപെട്ട അപാകതകൾ താഴെ പറയുന്നു.

1.ഇനം 12 പ്രകാരം കെട്ടിടത്തിൽ ഗ്രിൽ വർക്ക് ചെയ്തതിന് DAR Code 10.25.1 പ്രകാരമുള്ള നിരക്ക് വച്ച് തുക അനുവദിച്ചിട്ടുണ്ട്. പ്രവൃത്തിയിൽ ചെയ്ത ക്വാണ്ടിറ്റിയായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത് 86.24 Kg ആണ്. പരിശോധനയിൽ 79.58 Kg ആണെന്ന് ബോധ്യപ്പെട്ടു. പ്രവൃത്തിയിൽ രേഖപ്പെടുത്തിയ ഏതാനും അളവുകൾ ചെയ്തിട്ടില്ല.

2. ഇനം 4 പ്രകാരം വാതിലിന്റെ കട്ടിള മരം കൊണ്ട് ചെയ്തതിന് (DAR Code 50.9.1.1-Wooden Frame Work) 4449.68 രൂപ അനുവദിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരം തിരശ്ചീനമായും ലംബമായും Wooden Frame വയ്ക്കാൻ പ്രൊവിഷൻ വച്ചിട്ടുണ്ടെങ്കിലും പ്രവൃത്തി ചെയ്തപ്പോൾ വാതിലിന്റെ താഴെ (Bottom) ഭാഗത്ത് മരം വച്ചിട്ടില്ല. അതുകൊണ്ട് തന്നെ വാതിലിന്റെ താഴെ ഭാഗം ഓപ്പൺ ആയി കിടക്കുന്നതിനാൽ ഇഴ ജന്തുക്കൾ കയറാനുള്ള സാധ്യത വളരെ കൂടുതലാണ്. എസ്റ്റിമേറ്റ് പ്രകാരമുള്ള ഇനങ്ങൾ മുഴുവൻ ചെയ്യാത്തതിനാൽ കെട്ടിടത്തിനുള്ളിൽ സുരക്ഷ ഒരുക്കുന്നതിൽ വീഴ്ച സംഭവിച്ചു. ഈ ഒരു വീഴ്ച കൊണ്ട് പ്രയാസം അനുഭവിക്കുന്നതായി അംഗൻവാടി ജീവനക്കാർ ബോധ്യപ്പെടുത്തി.

3. കെട്ടിടത്തിൽ ഉണ്ടായിരുന്ന പഴയ ജനൽ , ഷീറ്റ് പൊളിച്ച് മാറ്റുന്നതിന് ഇനം 3, 15 പ്രകാരം 4616.64 രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ ഇവ ലേലം ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

4. ഇനം 16,17 എന്നിവ പ്രകാരം കെട്ടിടത്തിന്റെ മേൽക്കൂരയിൽ ഷീറ്റ് (Galvanised Iron Profile Sheet) വിരിച്ചിട്ടുണ്ട്. ഇതിന് 28723.72 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സ്ഥാപിച്ച ഷീറ്റിന്റെ പകുതി ഭാഗവും തേങ്ങ വീണ് നാശമായ നിലയിലാണ്. സ്ഥലം പരിശോധിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ തന്നെ ഇതിന് പരിഹാരം കാണേണ്ടതായിരുന്നു.

5. കെട്ടിടത്തിലും ചുറ്റുമതിലിലും പെയിന്റിംഗ് ചെയ്തതിന് 28642.54 രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്. എന്നാൽ മഴവെള്ളം നേരിട്ട് മതിലിലേക്ക് വീഴുന്നതിനാലും കെട്ടിടത്തിന്റെ ചുമരിലേക്കു തെറിക്കുന്നതിനാലും പെയിന്റിംഗ് നശിച്ചുകൊണ്ടിരിക്കുന്നു. മാത്രമല്ല കെട്ടിടത്തിന്റെ ഇടത് വശത്ത് വീഴുന്ന മഴവെള്ളം അംഗൻവാടി കെട്ടിടത്തിനോട് അടുത്തുള്ള വീടിന്റെ മുറ്റത്തേക്കാണ് വീഴുന്നത്. എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ പ്രധാനമായി ഉൾക്കൊള്ളിക്കേണ്ട ഇനമായിരുന്നു PVC Gutter, ഇത് പ്രവൃത്തിയിൽ ആവശ്യപ്പെട്ടിരുന്നതായും അംഗൻവാടി ജീവനക്കാർ വ്യക്തമാക്കി. എന്നാൽ ഷീറ്റിന് പ്രൊവിഷൻ വച്ചതിന്റെ കൂട്ടത്തിൽ PVC Gutter ന് പ്രൊവിഷൻ വക്കാത്തതിനാൽ ചെയ്ത പ്രവൃത്തികൾ നശിക്കുന്ന അവസ്ഥയിലായി. 2 ലക്ഷം രൂപക്ക് കരാറുകാരൻ ഏറ്റെടുത്ത പ്രവൃത്തി 1,69,496 രൂപക്ക് പൂർത്തിയായി. പ്രവൃത്തിക്ക് വേണ്ടി വകയിരുത്തിയ തുകയിൽ 30000 രൂപയിൽ അധികം സേവിംഗ് ഉണ്ടായിട്ടും സേവിംഗ്സ് തുക കെട്ടിടത്തിന്റെ അപൂർണ്ണത മാറ്റാൻ ഉപയോഗിച്ചില്ല. പൊതുമരാമത്ത് മേഖലയിലെ വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം, മോണിറ്ററിംഗ് സമിതി പ്രവർത്തനം കാര്യക്ഷമമല്ല എന്ന് വ്യക്തമാണ്.

മേൽ അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (14/20.12.22) ഗ്രിൽ പൈപ്പുകളുടെ അളവുകളിൽ വന്ന വ്യത്യാസം മനപൂർവമല്ലാത്ത വീഴ്ചയാണെന്നും കെട്ടടത്തിൽ നിന്നും പൊളിച്ചെടുത്ത

വസ്തുക്കൾ പഴകി ദ്രവിച്ചിരുന്നവെന്നും ആയതിനാലാണ് ലേലം ചെയ്യാതിരുന്നതെന്നും അറിയിച്ചു. മറ്റ് അപാകതകൾ പരിഹരിച്ച് വിവരം നൽകുമെന്ന് അറിയിച്ചു. ക്രമ നമ്പർ 2,4,5 അപാകതകൾ പരിഹരിച്ച് വിവരം ആദ്യമറുപടിയിൽ ലഭ്യമാക്കേണ്ടതാണ്. കൂടാതെ പൊതുമരാമത്ത് മേഖലയിലെ വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം കാര്യക്ഷമമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-22 സ്റ്റീൽ വർക്ക് പ്രവൃത്തിക്ക് അധിക നിരക്ക് നൽകി - നഷ്ടം 6919 രൂപ -ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് തുക തിരിച്ചടച്ചു

അസി.എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന പ്രവൃത്തിയിൽ കെട്ടിടത്തിന് മുകളിൽ മേൽക്കൂര നിർമ്മിച്ചപ്പോൾ സ്റ്റീൽ വർക്ക് പ്രവൃത്തികൾക്ക് DAR 10.16.1 കോഡ് (MS പൈപ്പ്) പ്രകാരമുള്ള 118.28/kg നിരക്കാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ ഈ പ്രവൃത്തികളിൽ ചെയ്തിട്ടുള്ളത് GI പൈപ്പ് ഉപയോഗിച്ച് കൊണ്ടുള്ള സിംഗിൾ സെക്ഷൻ പ്രവൃത്തിയാണെന്ന് 19.12.22 ന് ഗ്രാമ പഞ്ചായത്ത് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ സ്ഥല പരിശോധന നടത്തിയതിൽ ബോധ്യപ്പെട്ടു. സിംഗിൾ സെക്ഷൻ പ്രവൃത്തികൾക്ക് അനുവദിക്കാവുന്ന നിരക്ക് DAR 50.10.2 കോഡ് പ്രകാരമുള്ള 106.88/kg (CI-31.06%) രൂപയാണ്.

| പ്രവൃത്തി | അപാകത | റിമാർക്സ് |
|---|---|---|
| ലക്ഷം വീട് കോളനി അംഗനവാടി പുനരുദ്ധാരണം<br>പ്രോജക്റ്റ് നം - SO201/22<br>ഫണ്ട് - തനത് ഫണ്ട് | സ്റ്റീൽ വർക്ക് പ്രവൃത്തിക്ക് അധിക നിരക്ക് നൽകി - നഷ്ടം 6919 രൂപ | 1220105204/20.12.22 നമ്പർ രസീത് പ്രകാരം 6919 രൂപ തിരിച്ചടച്ചു. |

മരാമത്ത് പ്രവൃത്തികളിൽ അപാകതകൾ ഉണ്ടാവാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 പഞ്ചായത്ത് അനുമതി ഇല്ലാതെ സ്കൂളുകൾ കെട്ടിടങ്ങൾ നിർമ്മിക്കുന്നത്, പ്രവർത്തിക്കുന്നത് -ക്രമവിരുദ്ധം

പഞ്ചായത്തിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റിന് വേണ്ടി വിവിധ സ്കൂളുകൾ സമർപ്പിച്ച അപേക്ഷകൾ, അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ ഫിറ്റനസ് സർട്ടിഫിക്കറ്റ് എന്നിവ പരിശോധിച്ചതിൽ പ്രസ്തുത സ്കൂൾ കെട്ടിടങ്ങൾ മുഴുവൻ പഞ്ചായത്തിൽ നമ്പർ നൽകി അധികൃതമാക്കപ്പെട്ടിട്ടില്ല എന്ന് വ്യക്തമായി.

വിശദ വിവരം താഴെ നൽകുന്നു.

| സ്കൂൾ | കെട്ടിട നമ്പർ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം വിസ്തീർണ്ണം | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പ്രകാരം വിസ്തീർണ്ണം |
|---|---|---|---|
| നസ്റത്ത് എജുക്കേഷൻ സൊസൈറ്റി | 19/577<br>19/362A<br>19/362B<br>19/362C<br>19/362D<br>19/362E | $10M^2$<br>10 M2<br>Total – 20 M2 | 1190.7 $M^2$ |
| അൽ ഹുദ സെൻട്രൽ സ്കൂൾ | 11/228<br>11/229 | $78M^2$ | 677.5 M2 |
| ഉസ്മാനിയ ഇംഗ്ലീഷ് മീഡിയം സ്കൂൾ | 8/455<br>8/455A | 47M2 | ഫിറ്റ്നസ്സ് എടുത്തിട്ടില്ല |
| PMSA ഇംഗ്ലീഷ് മീഡിയം സ്കൂൾ | 13/82 | 1767.88 $M^2$ | 1290.9 M2 |
| VVMHSS,മാറാക്കര | 3/340A | $50M^2$ | $1510.03M^2$ |

| | | | |
|---|---|---|---|
| | 3/340B<br>3/340C | 55M2<br>45M2<br>Total -150M2 | |
| GLPS മേൽമുറി | 4/194 | 55M$^2$ | 675.88M$^2$ |
| AUPS മാറാക്കര | | സഞ്ചയയിൽ വന്നിട്ടില്ല. | 2995 M2<br>(സ്ഥാപനം വസ്തു നികുതി രജിസ്റ്റർ പ്രാകാരവും ഉൾപ്പെട്ടു കാണുന്നില്ല |
| MES സെൽട്ടൽ സ്കൂൾ | | സഞ്ചയയിൽ വന്നിട്ടില്ല. | 1146.08m2<br>(സ്ഥാപനം വസ്തു നികുതി രജിസ്റ്റർ പ്രാകാരവും ഉൾപ്പെട്ടു കാണുന്നില്ല ) |
| GLPS ചെറുപറമ്പ് | | സഞ്ചയയിൽ വന്നിട്ടില്ല. | 374.42 M2 |
| GLPS കല്ലാർമംഗലം | | സഞ്ചയയിൽ വന്നിട്ടില്ല. | 250.2 M2<br>(സ്ഥാപനം വസ്തു നികുതി രജിസ്റ്റർ പ്രാകാരവും ഉൾപ്പെട്ടു കാണുന്നില്ല) |
| LPS കാടാമ്പുഴ | | സഞ്ചയയിൽ വന്നിട്ടില്ല. | 632.5 M2<br>(സ്ഥാപനം വസ്തു നികുതി രജിസ്റ്റർ പ്രാകാരവും ഉൾപ്പെട്ടു കാണുന്നില്ല) |
| AMUPS മേൽമുറി സൗത്ത് | | സഞ്ചയയിൽ വന്നിട്ടില്ല. | 1182.7 M2<br>(സ്ഥാപനം വസ്തു നികുതി രജിസ്റ്റർ പ്രാകാരവും ഉൾപ്പെട്ടു കാണുന്നില്ല) |
| GLPS കരേക്കാട് | | സഞ്ചയയിൽ വന്നിട്ടില്ല. | 426.7m2<br>(സ്ഥാപനം വസ്തു നികുതി രജിസ്റ്റർ പ്രാകാരവും |

| | | | |
|---|---|---|---|
| | | | ഉൾപ്പെട്ടു കാണുന്നില്ല) |
| AMLPS കീഴൂറി | | സഞ്ചയയിൽ വന്നിട്ടില്ല. | 449.1 M2 (സ്ഥാപനം വസ്തു നികുതി രജിസ്റ്റർ പ്രാകാരവും ഉൾപ്പെട്ടു കാണുന്നില്ല) |

പഞ്ചായത്തിലെ ഏതാനും സ്കൂളുകളുടെ ഫിറ്റ്നസ് അപേക്ഷ അടിസ്ഥാനമാക്കി നടത്തിയ പരിശോധനയിലാണ് സ്കൂളുകളിൽ അനധികൃത നിർമ്മാണങ്ങൾ നടത്തിയിട്ടുണ്ട് എന്ന് വ്യക്തമായത്. സ്കൂളുകളുടെ കെട്ടിട നമ്പർ സംബന്ധിച്ച വ്യക്തമായ വിവരം ലഭിക്കാത്തതിനാൽ മുഴുവൻ സ്കൂളുകളുടെയും കെട്ടിടങ്ങൾ പഞ്ചായത്തിൽ നിന്ന് നമ്പർ നേടി അധികൃതമാക്കപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കാനായിട്ടില്ല. ഉപയോഗക്രമം വിദ്യാഭ്യാസ ആവശ്യം ആയി കാണിച്ചിട്ടുള്ള കെട്ടിടങ്ങളുടെ സഞ്ചയ പത്രിക പ്രകാരം (Form VI) ൽ കെട്ടിട ഉടമസ്ഥന്റെ പേര് വിവരങ്ങളുടെ കൂട്ടത്തിൽ സ്ഥാപനത്തിന്റെ പേര് വിവരം ഉൾപ്പെടുത്തിയിട്ടില്ല.

ഉദാ:- 19/362 B മുതൽ E വരെ കെട്ടിടങ്ങൾ ഉടമസ്ഥന്റെ പേര് കാണിച്ചിട്ടുള്ളത് ഹുസൈൻ.K എന്ന് മാത്രമാണ്. സ്ഥാപനത്തിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. അതുകൊണ്ട് തന്നെ ഈ കെട്ടിടത്തിൽ ഏത് വിദ്യാഭ്യാസ സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നതെന്ന് അറിയാൻ കഴിയുന്നില്ല.

പഞ്ചായത്തിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിന് പരിശോധന നടത്തേണ്ടതും നിയമാനുസൃതം തുടർ നടപടി സ്വീകരിച്ച് അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം 23/17.11.22ന് മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-24 എസ്.എസ്.എ വിഹിതം നൽകൽ -തുക ലാപ്സായി

ഹെഡ് മിസ്ട്രസ് നിർവ്വഹണ ഉദ്യോഗസ്ഥനായി എസ്.എസ്.എ വിഹിതം നൽകൽ എന്ന പദ്ധതി പ്രകാരം താഴെ പറയും പ്രകാരം തുക അടവാക്കിയിട്ടുണ്ട്.

| പ്രോജക്ട് | ചെലവഴിച്ച തുക | ബിൽ നമ്പർ |
|---|---|---|
| എസ്.എസ്.എ വിഹിതം നൽകൽ(26/22) | 8,00,000 (വികസനഫണ്ട്) | 21150852039001280974/9.3.22 |

പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ എസ്.എസ്.എ യുടെ CNRB-2353101005391 നമ്പർ അക്കൗണ്ടിലേക്ക് തുക നൽകിയെങ്കിലും എക്കൌണ്ട് നമ്പർ തെറ്റായി നൽകിയത് മൂലം സസ്പെൻസ് എക്കൌണ്ടിലേക്ക് മാറുകയും തുക ലാപ്സാവുകയുമായിരുന്നു. ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 01/12.12.22 ന് നൽകിയ മറുപടിയിൽ തുക തെറ്റായി ക്രെഡിറ്റ് ചെയ്ത വിവരം മാർച്ച് 31ന് ശേഷമാണ് അറിഞ്ഞത് എന്നാണ് അറിയിച്ചത്.ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്ന് വാങ്ങൽ. 170000/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്നു.

| | |
|---|---|
| പ്രൊജക്ട് | ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്ന് വാങ്ങൽ [155/22] |
| ഫണ്ട്/അടങ്കൽ | പ്ലാൻ ഫണ്ട് (G)/470000 |
| ചെലവ്/ വൗച്ചർ നമ്പർ | Rs.470000 /-, BRN No.21150352030100726515/29.11.21 |
| നിർവ്വഹണം | സെക്രട്ടറി |

മേൽ പ്രൊജക്ട് പ്രകാരം ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിന് ഹോംകോയിലേക്ക് 470000/- രൂപ മുൻകൂറായി അടവാക്കിയിട്ടുണ്ട്. എന്നാൽ ആയതിൽ 300000/- രൂപയുടെ മരുന്നുകൾ മാത്രമാണ് നാളിത് വരെ ലഭിച്ചിട്ടുള്ളത്. 170000/- രൂപയുടെ മരുന്നുകൾ കൂടി ലഭിക്കാൻ അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | തുക നൽകിയതിന്റെ വിവരം | | മരുന്ന് ലഭിച്ചതിന്റെ വിവരം | |
|---|---|---|---|---|
| 1 | BRN No.21150852010800914080/10.1.22 | 300000 | Inv /LF 191/18.06.2022 | 29990 |
| 2 | BRN No.21150852010801458797/25.3.22 | 170000 | Inv /LF 1088/22.11.2022 | 212255 |
| | | | Inv /LF 2836/26.03.2022 | 57755 |
| | | | | |
| | | | | |
| ആകെ | | 470000 | ആകെ | 300000 |

അവശേഷിക്കുന്ന 170000/- രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണത്തിന് (3/20.12.22) മറുപടി ലഭ്യമാക്കിയില്ല)

## 1-26 പി.എച്ച്.സി.യിലേക്ക് മരുന്ന് വാങ്ങൽ- മരുന്ന് ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പി.എച്ച്.സി.ക്ക് മരുന്ന് വാങ്ങൽ(പ്രൊജക്ട് നമ്പർ. 77/22) എന്ന പദ്ധതി പ്രകാരം കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ അക്കൌണ്ടിലേക്ക് (A/c No. PNB-3629001800000019) 13,99,999രൂപ നൽകിയിട്ടുണ്ട് എന്നാൽ നാളിതുവരെ മുഴുവൻ മരുന്നും ലഭ്യമായിട്ടില്ല.വിശദ വിവരം ചുവടെ.

| നൽകിയ തുക | | | ലഭിച്ചത് | ബാക്കി |
|---|---|---|---|---|
| ബിൽ നമ്പർ | തുക | പ്രഫോർമ ഇൻവോയ്സ് | ലഭിച്ച മരുന്നുകൾ | ഇനിയും ലഭിക്കാനുള്ളത് |
| 2115085203530118771/23.2.22 | 12,00,000 | 1.3106/1.11.21<br>2.3102/1.11.22<br>3.3103/1.11.21 | 871271 | 248490 |
| 21150852035301393172/21.3.2 | 1,99,999 | 6456/3.3.22 | 0 | 199999 |
| ആകെ | 13,99,999 | | 951510 | 448489 |

ബാക്കി മരുന്നുകൾ ലഭിച്ചിട്ടുണ്ടെങ്കിൽ / ലഭിക്കുന്നതിന് ആവശ്യമായ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അറിയിക്കേണ്ടതാണ്.ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 4/14.12.22 ന് മറുപടി നൽകിയിട്ടില്ല. മരുന്ന് ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-27 രോഗപ്രതിരോധ കുത്തിവെപ്പ് ശാക്തീകരണം -രണ്ട് തവണ വാഹന വാടക നൽകി.

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ രോഗപ്രതിരോധ കുത്തിവെപ്പ് ശാക്തീകരണം (പ്രൊജക്ട് നമ്പർ. 94/22) എന്ന പദ്ധതി പ്രകാരം കുറ്റിപ്പുറം താലൂക്ക് ആശുപത്രിയിൽ നിന്നും മാറാക്കര പി.എച്ച്.സി യിലെക്ക് വാക്സിൻ എത്തിക്കുന്നതിനായി 600രൂപ ദിവസ വാടകക്ക് KL-55-7400 എന്ന വാഹനം വാടകക്ക് എടുത്ത് വാക്സിൻ വിതരണം നടത്തിയിട്ടുണ്ട്.എന്നാൽ ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.വാക്സിൻ വിതരണത്തിനായി വാഹനം വാടകക്ക് എടുത്തിട്ടുണ്ടെങ്കിലും ടെണ്ടർ/ക്വട്ടേഷൻ നടപടികൾ പാലിച്ചിട്ടില്ല.

2.വാക്സിൻ വിതരണത്തിനായി ശ്രീ.ഹംസ എന്ന വാഹന ഉടമയിൽ നിന്നും 600രൂപ ദിവസ വാടകക്ക് KL-55-7400 എന്ന വാഹനം വാടകക്ക് എടുത്തതായി ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്ക് അറിയിച്ചുവെങ്കിലും വാഹന ഉടമയുമായി കരാർ ചമച്ചതിന്റെ വിവരം ഫയലിൽ ലഭ്യമല്ല.

3.വാക്സിൻ വിതരണത്തിനായി കുറ്റിപ്പുറം താലൂക്ക് ആശുപത്രിയിൽ നിന്നും മാറാക്കര പി.എച്ച്.സി.യിലേക്ക് വാക്സിൻ എത്തിച്ച് നൽകിയതിന് KL-55-7400 എന്ന വാഹനത്തിന് ഒരേ ദിവസങ്ങളിൽ രണ്ട് തവണ വാടകയനുവദിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ

| തിയതി | ചെക്ക് നമ്പർ 2718283/31.3.22 പ്രകാരം | ചെക്ക് നമ്പർ 2718263/31.3.22 പ്രകാരം | അധികം നൽകിയ വാടക |
|---|---|---|---|

| | നൽകിയത് | | നൽകിയത് | | |
|---|---|---|---|---|---|
| | വൌച്ചർ നമ്പർ | നൽകിയ വാടക | വൌച്ചർ നമ്പർ | നൽകിയ വാടക | |
| 9.8.21 | 43/9.8.21 | 800 | 1/9.8.21 | 600 | 800 |
| 6.11.21 | 62/6.11.21 | 800 | 5/6.11.21 | 600 | 800 |
| 16.12.21 | 71/16.12.21 | 800 | 9/16.12.21 | 600 | 800 |
| 18.12.21 | 72/18.12.21 | 800 | 10/18.12.21 | 600 | 800 |
| 23.12.21 | 74/23.12.21 | 800 | 11/23.12.21 | 600 | 800 |
| 15.1.22 | 78/15.1.22 | 800 | 16/15.1.22 | 600 | 800 |
| 22.2.22 | 88/22.2.22 | 800 | 20/22.1.22 | 600 | 800 |
| | | | | ആകെ | 5600 |

5600 രൂപ അധികം അനുവദിച്ചതിന് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ 6/14.12.22 ന് മറുപടി നൽകിയിട്ടില്ല.അധികം നൽകിയ 5600രൂപ തിരികെ ഈടാക്കേണ്ടതാണ്.

## 1-28 പരിരക്ഷ പദ്ധതി നടത്തിപ്പിലെ അപാകതകൾ

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പരിരക്ഷ (പ്രൊജക്റ്റ് നമ്പർ. 67/22) എന്ന പദ്ധതിക്കായി 4,67,377 (വികസന ഫണ്ട് 449517,17860 തനത് ഫണ്ട്)രൂപ ചെലവഴിച്ചിട്ടുണ്ട് എന്നാൽ ഈ പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകളുണ്ട്.

1.സർക്കാർ ഉത്തരവ് (സാധാ) നമ്പർ 553/2019 ത.സ്വ.ഭ.വ. തിയതി.07.03.2019 പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പരിഷ്കരിച്ച മാർഗ്ഗരേഖ ഖണ്ഡിക 2.2 പ്രകാരം ദീർഘകാല പരിചരണം ആവശ്യമായ രോഗികളെ കണ്ടെത്തി വാർഡ് അടിസ്ഥാനത്തിൽ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.എന്നാൽ ഗ്രാമ പഞ്ചായത്ത് പ്രസ്തുത ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

2.സർക്കാർ ഉത്തരവ് (സാധാ) നമ്പർ 553/2019 ത.സ്വ.ഭ.വ. തിയതി.07.03.2019 പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പരിഷ്കരിച്ച മാർഗ്ഗരേഖ ഖണ്ഡിക 2.9.1 പ്രകാരം പാലിയേറ്റീവ് കെയർ പദ്ധതിയുടെ നടത്തിപ്പിനും മേൽനോട്ടം വഹിക്കുന്നതിനുമായി ഒരോ സാമ്പത്തീക വർഷത്തിനുമുൻപും ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ചെയർപേഴ്സണായും മെഡിക്കൽ ഓഫീസർ മെമ്പർ സെക്രട്ടറിയായും പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കേണ്ടതും രണ്ട് മാസത്തിലൊരിക്കലെങ്കിലും യോഗം ചേരേണ്ടതും ഓരോമാസത്തേയും വരവ് ചെലവ് കണക്കുകൾ മെമ്പർ സെക്രട്ടറി യോഗത്തിൽ അവതരിപ്പിക്കേണ്ടതും പി.എം.സി.ആയത് അംഗീകരിക്കേണ്ടതുമാണ് എന്ന് നിർദേശിച്ചിരുന്നു. എന്നാൽ ഗ്രാമ പഞ്ചായത്ത് ഈ നിർദേശങ്ങൾ പാലിച്ചിട്ടില്ല. ഗ്രാമ പഞ്ചായത്ത് 2020-21 വർഷത്തിൽ പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കുകയോ യോഗം ചേർന്ന് വരവ് ചെലവ് കണക്കുകൾ ആധികാരികമാക്കുകയോ ചെയ്തിട്ടില്ല. പി.എം.സി മിനുട്സ് പരിശോധിച്ചതിൽ 31.12.2019 ന്ശേഷം 4.4.2022 ന് മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്.

3.സർക്കാർ ഉത്തരവ് (സാധാ) നമ്പർ 553/2019 ത.സ്വ.ഭ.വ. തിയതി.07.03.2019 പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പരിഷ്കരിച്ച മാർഗ്ഗരേഖ ഖണ്ഡിക 2.8.ബി പ്രകാരം പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ ഭാഗമായി വാഹനം വാടകക്ക് എടുക്കാമെന്നും മെഡിക്കൽ ഓഫീസർ ക്വട്ടേഷൻ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ നിരക്ക് കോട്ട് ചെയ്ത വാഹനം എടുക്കേണ്ടതാണ് എന്നും ക്വട്ടേഷൻ പി,എം.സി. അംഗീകരിക്കേണ്ടതുമാണ് എന്നും ക്വട്ടേഷൻ കാലാവധി ഒരു വർഷമാണ് എന്നും നിഷ്കർഷിച്ചിട്ടുണ്ട്.എന്നാൽ ഗ്രാമ പഞ്ചായത്ത് ക്വട്ടേഷൻ ക്ഷണിക്കാതെയാണ് ദിവസ വാടകക്ക് വാഹനം എടുത്തിട്ടുള്ളത്.

4.ഗ്രാമ പഞ്ചായത്തിന്റെ പരിരക്ഷാ ഹോം കെയർ ഡയറി പരിശോധിച്ചതിൽ ഹോം വിസിറ്റ് നടത്താത്ത ദിവസങ്ങളിലും വാഹന വാടക,ഭക്ഷണ ചെലവ് എന്നിവ അനുവദിച്ചിട്ടുണ്ട്.

| തിയതി | ഇനം | ബിൽ നമ്പർ | വൌച്ചർ നമ്പർ | തുക |
|---|---|---|---|---|
| 1.1.22 | ഭക്ഷണചെലവ്. ശ്രീ.സൈതലവി ക്ക് നൽകിയത് | 21150852035301146970/17.2.22 | 1/1.1.22 | 350 (ചെലവ് രേഖകൾ ലഭ്യമല്ല.) |

| | | | | |
|---|---|---|---|---|
| | (പോപ്പുലർ ബിരിയാണി സെന്റർ) | | | |
| 3.1.22 | ഭക്ഷണചെലവ് | 21150852035301146970//17.2.22 | 6/3.1.22 | 240 |
| 3.1.22 | വാഹന വാടക (ശ്രീ.അസൈനാർക്ക് നൽകിയത്) | 21150852035301146970/17.2.22 | 1/3.1.22 | 1000 |
| 12.1.22 | വാഹന വാടക | 21150852035301146970/17.2.22 | 5/12.1.22 | 1000 |
| 12.1.22 | ഭക്ഷണചെലവ് | 21150852035301146970/17.2.22 | 5/12.1.22 | 250 |
| 24.12.21 | വാഹന വാടക | 21150852035300973212/18.1.22 | 14/24.12.21 | 1000 |
| 24.12.21 | ഭക്ഷണചെലവ് | 21150852035300973212/18.1.22 | 14/24.12.21 | 250 |
| 27.12.21 | വാഹന വാടക | 21150852035300973212/18.1.22 | 15/27.12.21 | 1000 |
| 27.12.21 | ഭക്ഷണചെലവ് | 21150852035300973212/18.1.22 | 15/27.12.21 | 250 |
| 13.10.21 | വാഹന വാടക | 21150852035300662955/17.11.21 | 7/13.10.21 | 1000 |
| 13.10.21 | ഭക്ഷണചെലവ് | 21150852035300662955/17.11.21 | 7/13.10.21 | 250 |
| 20.10.21 | വാഹന വാടക | 21150852035300662955/17.11.21 | 11/20.10.21 | 1000 |
| 20.10.21 | ഭക്ഷണചെലവ് | 21150852035300662955/17.11.21 | 11/20.10.21 | 240 |
| 21.10.21 | വാഹന വാടക | 21150852035300662955/17.11.21 | 12/21.10.21 | 1000 |
| 21.10.21 | ഭക്ഷണചെലവ് | 21150852035300662955/17.11.21 | 12/21.10.21 | 240 |
| | | | ആകെ | 9070 |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിനമ്പർ 10/16.12.22 ന് മറുപടി നൽകിയിട്ടില്ല. അധികം നൽകിയ വാഹന വാടക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതും അപാകതകൾ പരിഹരിക്കേണ്ടതുമാണ്.

## 1-29 സർക്കാർ മാർഗ്ഗ നിർദേശങ്ങൾ പാലിക്കാതെ ലാപ് ടോപ്പ് വാങ്ങി

സർക്കാർ ഉത്തരവ് (അ) നമ്പർ 10/2019/ എസ്.പി.ഡി / തിയതി 22.8.2019, സർക്കുലർ നമ്പർ ഐ.ടി.സെൽ 1/26/2019 /വി.സ.വ. തിയതി 18.03.2021 എന്നിവ പ്രകാരം സർക്കാർ സ്ഥാപനങ്ങളും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും കംമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങുമ്പോൾ CPRCS മുഖേന വാങ്ങണമെന്നും മറ്റു രീതിയിൽ വാങ്ങുമ്പോഴുണ്ടാകുന്ന നഷ്ടങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ ബാധ്യതയായിരിക്കുമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ജി.ഒ(ആർ.ടി) നമ്പർ 486/2022/LSGD തിയതി.28.02.22 ഖണ്ഡിക 2 പ്രകാരം CPRCS മുഖേന ഉപകരണങ്ങൾ ലഭിക്കാൻ ഒരു മാസത്തിലധികം കാലതാമസമുണ്ടായാൽ ഡെപ്പോസിറ്റ് തുക തിരികെ വാങ്ങാമെന്നും ഈ തുക ഉപയോഗിച്ച് GEM പോർട്ടൽ മുഖേന ഉപകരണങ്ങൾ വാങ്ങാനും അനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഈ നിർദേശങ്ങൾ പാലിക്കാതെ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ എന്ന പദ്ധതിയിലുൾപ്പെടുത്തി സിസ്കോ കംമ്പ്യൂട്ടേഴ്സ് വളാഞ്ചേരിയിൽ നിന്നും ക്വട്ടേഷൻ മുഖേന ലാപ്പ് ടോപ്പ് വാങ്ങിയിട്ടുണ്ട്.വിശദ വിവരം ചുവടെ

| പ്രോജക്ട് | ഇനം | ഇൻവോയ്സ് നമ്പർ | ചെലവഴിച്ച തുക | ചെക്ക് നമ്പർ/ |
|---|---|---|---|---|
| കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് ലാപ്പ് ടോപ്പ് വാങ്ങൽ പ്രൊജക്ട് നമ്പർ | ലാപ്പ് ടോപ്പ്(ലെനോവോ) | 449/ 27.08.2021 | 41000 | 1973783/22.10.21 |

| | | | | |
|---|---|---|---|---|
| 162/22022 | | | | |
| | | ആകെ | 41000 | |

ജി.ഒ.ആർ.ടി നമ്പർ9/2020 SPD Dated 4.4.20 പ്രകാരം കോവിഡ് അവശ്യ സാധനങ്ങൾ വാങ്ങുമ്പോൾ സ്റ്റോർ പർചേഴ്സ് ചട്ടങ്ങളിൽ ഇളവ് അനുവദിച്ചിട്ടുണ്ട്.എന്നാൽ ഈ അവശ്യ സാധനങ്ങളുടെ ലിസ്റ്റിൽ ലാപ്പ് ടോപ്പ് ഉൾപ്പെടുന്നില്ല. നിലവിൽ ഈ ലാപ്പ് ടോപ്പ് എന്ത് ആവശ്യത്തിനാണ് ഉപയോഗിച്ച് വരുന്നതെന്നും കോവിഡാനന്തരം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് ലാപ്പ് ടോപ്പ് വാങ്ങിയെതെന്തിനെന്നും വ്യക്തമല്ല. അപാകതകൾക്ക് മറുപടി നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിനമ്പർ 9/16.12.22 ന് മറുപടി നൽകിയിട്ടില്ല. വാങ്ങൽ നടത്തുമ്പോൾ സർക്കാർ മാർഗ്ഗ നിർദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-30 വർക്കിംഗ് ഗ്രൂപ്പുകൾ കാര്യക്ഷമമല്ല

ജി.ഒ(എം.എസ്) നം 72/2017/ത.സ്വ.ഭ.വ തിയതി.29.3.2017 ഉത്തരവ് പ്രകാരം വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലകൾ വ്യക്തമാക്കിയിട്ടുണ്ട്. കരട് പ്രൊജക്ട് നിർദേശങ്ങൾ തയ്യാറാക്കി ഗ്രാമ സഭാ/ ഊരുകൂട്ട യോഗങ്ങളിൽ അവതരിപ്പിക്കുക, ആ വേദികളിലെ ചർച്ചകളുടെയും തീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ പ്രൊജക്ട് നിർദേശങ്ങൾക്ക് മുൻഗണന നിശ്ചയിച്ച് ഭരണ സമിതിയുടെയും തുടർന്ന് വികസന സെമിനാറിന്റെയും പരിഗണനക്ക് സമർപ്പിക്കുക എന്നിവയാണ് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കേണ്ടതായ രണ്ട് പ്രധാന ചുമതലകൾ. അവ ഫലപ്രദമായി നിർവഹിക്കണമെങ്കിൽ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ ചർച്ചകളുടെ അടിസ്ഥാനത്തിൽ ശുപാർശകൾ ക്രമീകരിക്കേണ്ടതാണ്. അതിനാൽ ഈ രണ്ട് ദൗത്യങ്ങളും നിർവഹിക്കുന്നതിന്റെ മുന്നോടിയായി വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗം ചേരണമെന്നുള്ളത് അനിവാര്യമാണ്. പ്രസ്തുത യോഗങ്ങളിൽ വർക്കിംഗ് ഗ്രൂപ്പിലെ അംഗങ്ങൾ നിർബന്ധമായും പങ്കെടുക്കേണ്ടതുണ്ട്. 2021-22 വർഷത്തെ വർക്കിംഗ് ഗ്രൂപ്പ് മിനട്സുകൾ പരിശോധിച്ചതിൽ മിക്ക വർക്കിംഗ് ഗ്രൂപ്പുകളും 2021-22 വാർഷിക പദ്ധതി രൂപീകരണത്തിന് വേണ്ടി പേരിന് മാത്രം യോഗം ചേരുന്നതായി കണ്ടു. ക്വാറം തികയാതെയും, തീരുമാനങ്ങൾ രേഖപ്പെടുത്താതെയും ,ക്ലോസ്സ് ചെയ്യാതെയും സാക്ഷ്യപ്പെടുത്താതെയും അപൂർണ്ണമായ രീതിയിലാണ് മിനട്സ് ബുക്കുകൾ തയ്യാറാക്കിയിരിക്കുന്നത്. അംഗങ്ങളുടെ എണ്ണം പോലും ചില മിനട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. അതുകൊണ്ട് തന്നെ പശ്ചാത്തല മേഖലയിലും സേവന മേഖലയിലും അനിവാര്യമായ പല പദ്ധതികളും നടപ്പാക്കാൻ ഗ്രാമ പഞ്ചായത്തിനു സാധിക്കാതെ വന്നു. വർക്കിംഗ് ഗ്രൂപ്പുകൾ ഫലപ്രദമായി നടത്തികൊണ്ട് പോകുന്നതിനുള്ള ചുമതല അതാത് സ്റ്റാന്റിംഗ് കമ്മിറ്റികൾക്കാണ്. ഓരോ പദ്ധതികളും നിർവഹണം നടത്തിയതിനു ശേഷം അതിന്റെ തുടർന്നുള്ള മോണിറ്ററിംഗ് നടത്തേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളാണ്. വർക്കിംഗ് ഗ്രൂപ്പുകളുടെ മീറ്റിംഗുമായി ബന്ധപെട്ട ഒരു അവലോകനം താഴെ കൊടുക്കുന്നു.

| വർക്കിംഗ് ഗ്രൂപ്പ് | യോഗം കൂടിയ തിയതി | പങ്കെടുത്ത അംഗങ്ങൾ | തീരുമാനങ്ങൾ | റിമാർക്സ് |
|---|---|---|---|---|
| ദാരിദ്ര്യ ലഘൂകകരണം | 5.1.22 | 8 | 7 | ക്ലോസ്സ് ചെയ്തിട്ടില്ല |
| ശുചിത്വം,കുടിവെള്ളം | 5.1.22<br>20.1.22 | 7<br>4 | 16<br>5 | ക്ലോസ്സ് ചെയ്തിട്ടില്ല |
| വിദ്യാഭ്യാസം | 5.1.22<br>15.1.22<br>5.2.22 | 8<br>10<br>5 | 1<br>18<br>24 | ക്ലോസ്സ് ചെയ്തിട്ടില്ല |
| പൊതുമരാമത്ത് | 5.1.22 | 6 | 0 | ക്ലോസ്സ് ചെയ്തിട്ടില്ല |
| മൃഗസംരക്ഷണവും ക്ഷീരവികസനവും | 5.1.22<br>20.1.22 | 08<br>3 | 3<br>1 | ക്ലോസ്സ് ചെയ്തിട്ടില്ല |
| പ്രാദേശിക സാമ്പത്തിക വികസനം | 5.1.22 | 4 | 7 | ക്ലോസ്സ് ചെയ്തിട്ടില്ല |
| സ്ത്രീകളുടെയും കുട്ടികളുടെയും വികസനം | 5.1.22<br>20.1.22 | 6<br>6 | 11<br>8 | ക്ലോസ്സ് ചെയ്തിട്ടില്ല |

| | | | | |
|---|---|---|---|---|
| സാമൂഹ്യ ക്ഷേമം | 5.1.22<br>20.1.22 | 5 | 17 | ക്ലോസ്സ് ചെയ്തിട്ടില്ല |
| കൃഷിയും അനുബന്ധമേഖലയും | 5.1.22 | 11 | 15 | ക്ലോസ്സ് ചെയ്തിട്ടില്ല |
| പരിസ്ഥിതി സംരക്ഷണം,ദുരന്ത നിവാരണം | 5.1.22<br>20.1.22 | 7<br>3 | 4<br>4 | ക്ലോസ്സ് ചെയ്തിട്ടില്ല |
| കണക്കുകൾ രേഖകൾ തയ്യാറാക്കൽ,ജന സേവനം കാര്യക്ഷമമാക്കൽ | 5.1.22 | 5 | ഇല്ല | ക്ലോസ്സ് ചെയ്തിട്ടില്ല |
| ആരോഗ്യം | 5.1.22<br>19.1.22 | 11<br>7 | 17<br>6 | ക്ലോസ്സ് ചെയ്തിട്ടില്ല |
| പട്ടിക ജാതി വികസനം | 5.1.22 | 9 | 25 | ക്ലോസ്സ് ചെയ്തിട്ടില്ല |

വർക്കിംഗ് ഗ്രൂപ്പുകൾ കാര്യക്ഷമമാക്കാനും മോണിറ്ററിംഗ് ഉൾപ്പെടെയുള്ള ചുമതലകൾ യഥാവിധി നിർവഹിക്കുന്നു എന്ന് ഉറപ്പ് വരുത്താനും സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 2021-22 വാർഷിക ഓഡിറ്റ് വേളയിൽ വാർഷിക ധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്തപ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 500000 | പ്രൊ.നം-32/21-22 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 500000 | 0 |

| | | | | |
|---|---|---|---|---|
| | 297500 | പ്രൊ.നം-14/21-22 സമഗ്ര നെൽകൃഷി വികസനം | 297500 | 0 |
| | 1730000 | പ്രൊ.നം-102/21-22 എസ്.സി ലൈഫ് ഭവന പദ്ധതി | 1730000 | 0 |
| ആകെ | 2527500 | | 2527500 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 380940 | പ്രൊ.നം-14/21-22 സമഗ്ര നെൽകൃഷി വികസനം | 380940 | 0 |
| | 540000 | പ്രൊ.നം-75/21-22 ലൈഫ് ഭവന പദ്ധതി | 540000 | 0 |
| | 910000 | പ്രൊ.നം-102/21-22 എസ്.സി ലൈഫ് ഭവന പദ്ധതി | 910000 | 0 |
| | 300000 | പ്രൊ.നം-254/21-22 വരിക്കോട്ടിൽപടി പള്ളിയാൽ ബൈപ്പാസ് റോഡ് കോൺക്രീറ്റ് | 300000 | 0 |
| | 300000 | പ്രൊ.നം-186/21-22 പാലപ്പറമ്പ് പൊട്ടഞ്ചോല റോഡ് പുനരുദ്ധാരണം | 300000 | 0 |
| | 200000 | പ്രൊ.നം-108/21-22 ആനപ്പാറ പാറപ്പുറം റോഡ് ടാറിങ് | 200000 | 0 |
| | 500000 | പ്രൊ.നം-32/21-22 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 500000 | |
| ആകെ | 3130940 | | 3130940 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് വർക്കിന് തുക നൽകിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരം. (KSEB)

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ /ബിൽ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KSEB | പ്രൊജക്ട് നം.139/22 സ്ട്രീറ്റ് മെയിൻ നീട്ടൽ | 22100428/19.3.22 | 1200000 ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | UC ലഭ്യമായിട്ടില്ല | 1200000 |
| | | 22100498/30.3.22 | | 0 | | |
| | പ്രൊജക്ട് നം.152/22 സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | 211508520108011153646/17.2.22 | 750680 (വികസനഫണ്ട്) | 0 | UC ലഭ്യമായിട്ടില്ല | 1500000 |
| | | 211508520108011153638/17.2.22 | | 0 | | |
| | | 22100415/17.3.22 | 749320 (തനതു ഫണ്ട്) | 0 | | |
| | | 22100416/17.3.22 | | 0 | | |

കുറിപ്പ്

പ്രൊജക്ട് നം.152/22 സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ- തനത് ഫണ്ടിൽ നിന്നും കെ.എസ്.ഇ.ബിയിലേക്ക് ഡെപ്പോസിറ്റ് ചെയ്ത 749320/-രൂപ വാർഷികകണക്ക് പ്രകാരം Repair Of Streetlights ഇനത്തിലാണ് കാണിച്ചിട്ടുള്ളത്.
പ്രൊജക്ട് നം.139/22 സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ-ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും ചെലവഴിച്ച 800000/- രൂപ വാർഷികകണക്ക് പ്രകാരം Kerala State Housing Board ലേക്ക് ഡെപ്പോസിറ്റ് ചെയ്തതായാണ് കാണിച്ചിട്ടുള്ളത്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽതിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| | ലൈഫ് ഭവനം ജനറൽ | G.O.(MS)No. 68/2018/LSGD തിയതി 18.05.18 | 1700000 | 2916233 | 1173333 | 0 | 3442900 |

## 4-6 സ്ഥിര നിക്ഷേപം

എ) സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 0 |
| തൻവർഷം നിക്ഷേപിച്ച തുക | 15000000 |
| ആകെ | 15000000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 15000000 |

ബി) വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിശദവിവരം

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നമ്പർ |
|---|---|---|
| മലപ്പുറം ഡിസ്ട്രിക്ക് കോ-ഓപ്പറേറ്റീവ് ബാങ്ക് | 15000000 | 090431807520006/30.11.2021 |
| ആകെ നിക്ഷേപിച്ച തുക | 15000000 | |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 15000000 | |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ ലഭിച്ച 600/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ / തിയ്യതി |
|---|---|---|---|---|
| 2018-19 | 1-15 | 600 | എച്ച്.എം- നസ്രത്ത് എച്ച്.എസ്.എസ് | 1210102552/18.01.2022 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-2,2-3 | 2016-17 | --- | . | നടപടി തുടരുന്നു |
| 2016-17 | 3-15 | 2017-18 | --- | | നടപടി തുടരുന്നു |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | | |
| 1 | 2008-09 | 3-3, 3-4p | എ.എ.ടെസീല സെക്രട്ടറി | LF 6611/ Spl.cell/c4 D1/C5/6.3.9 | 15009 | -- | 0 | 15009 | |
| 2 | 2008-09 | 3-9 3-10 3-11 | എസ്. മനോജ്, കൃഷി ഓഫീസർ | LF 6611/ Spl.cell/c D1/C5/6.3.9 | 35000 | -- | -- | 35000 | |
| 3 | 2006-07 | 3(3) | ജയരാജൻ, സെക്രട്ടറി | LF 17138/ Spl.cell/sc D1/12/ 11-2-2015 | 4000 | -- | 0 | 4000 | |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 115126957 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 113347324 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6009074 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 29,65,000 | ശ്രീ. ഷിഹാബ് എം , സെക്രട്ടറി |
| 1-20 | 30,44,074 | ശ്രീ. ഷിഹാബ് എം , സെക്രട്ടറി |
| ആകെ | 60,09,074 | |

സ) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ

എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 23452 | ശ്രീ. ശ്രീ. ഷിഹാബ് എം , സെക്രട്ടറി |

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1971-72 | എൽ എഫ് എം7/1405/94 തിയ്യതി 22.07.94 | 4 |
| 1972-73 | എൽ എഫ് എം7/1406/94 തിയ്യതി 22.07.94 | 3 |
| 1977-78 | എൽ എഫ് എം7/1629/94 തിയ്യതി 22.07.94 | 1 |
| 1981-82 | എൽ എഫ് എം7/1843/94 തിയ്യതി 22.07.94 | 2 |
| 1982-83 | കെ.എസ്.എ.എം.പി.എം13/1448/19 തിയ്യതി 15.10.19 | 2 |
| 1985-86 | എൽ എഫ് എം7/1840/94 തിയ്യതി 22.07.94 | 7 |
| 1990-91 | എൽ എഫ് എം7/609/92 തിയ്യതി 10.02.94 | 10 |
| 1991-92 | എൽ എഫ് എം7/195/94 തിയ്യതി 10.01.95 | 7 |
| 1992-93 | എൽ എഫ് എം5/771/96 തിയ്യതി 26.09.96 | 7 |
| 1994-95 | എൽ എഫ് എം13/1464/99 തിയ്യതി 10.02.00 | 10 |
| 1995-96 | എൽ എഫ് എം12/1630/03 തിയ്യതി 16.06.04 | 6 |
| 1996-97 | എൽ എഫ് എം12/1631/03 തിയ്യതി 16.06.04 | 11 |
| 1997-98 | എൽ എഫ് എം12/1632/03 തിയ്യതി 16.06.04 | 7 |
| 1998-99 | എൽ എഫ് എം12/1633/03 തിയ്യതി 18.06.04 | 12 |
| 1999-00, 2000-01 പ്ലാൻ ഫണ്ട് ചെലവ് | എൽ എഫ് എം12/1634/03 തിയ്യതി 19.06.04 | 34 |
| 1999-00 | എൽ എഫ് എം12/493/08 തിയ്യതി 09.04.08 | 2 |
| 2000-01 | എൽ എഫ് എം9/494/08 തിയ്യതി 09.04.08 | 2 |
| 2001-02 | എൽ എഫ് എം9/495/08 തിയ്യതി 09.04.08 | 4 |

| | | |
|---|---|---|
| 2002-03 | എൽ എഫ് എം9/496/08 തിയ്യതി 07.04.08 | 10 |
| 2003-04 | എൽ എഫ് എം9/497/08 തിയ്യതി 09.04.08 | 9 |
| 2004-05 | എൽ എഫ് എം9/498/08 തിയ്യതി 30.11.12 | 13 |
| 2005-06 | എൽ എഫ് എം9/515/10 തിയ്യതി 06.07.10 | 15 |
| 2006-07 | എൽ എഫ് എം13/2904/11 തിയ്യതി 06.10.16 | 16 |
| 2007-08 | കെ.എസ്.എ.എം.പി.എം13/2180/22(6) തിയ്യതി 10.10.22 | 5 |
| 2008-09 | എൽ എഫ് എം13/2500/11 തിയ്യതി 24.12.11 | 13 |
| 2009-10, 2010-11 | എൽ എഫ് എം13/1169/13 തിയ്യതി 16.07.13 | 17 |
| 2011-12, 2012-13 | കെ.എസ്.എ.എം.പി.എം13/2180/22(7) തിയ്യതി 10.10.22 | 10 |
| 2013-14, 14-15 | കെ.എസ്.എ.എം.പി.എം13/2180/22(8) തിയ്യതി 10.10.22 | 10 |
| 2015-16 | നം.കെ.എസ്.എ.എം.പി.എം13/51/2017 തിയ്യതി 18.04.2018 | 17 |
| 2016-17 | നം.കെ.എസ്.എ.എം.പി.എം13/217/2019 തിയ്യതി 19.02.2019 | 31 |
| 2017-18 | നം.കെ.എസ്.എ.എം.പി.എം13/1010/2019 തിയ്യതി 27.08.2020 | 16 |
| 2018-19 | കെ.എസ്.എ.എം.പി.എം13/760/2020 തിയ്യതി 29.05.20 | 19 |
| 2019-20 | കെ.എസ്.എ.എം.പി.എം13/194/2022 തിയ്യതി-24/09/2022 | 7 |
| 2020-21 | കെ.എസ്.എ.എം.പി.എം13/195/2022 തിയ്യതി-24/09/2022 | 15 |

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ മാറാക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ മാറാക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്